
# ബൈബിൾ ട്രൂത്ത്



| മനുഷ്യൻ | ദൈവം |
|---|---|
| മൺമയൻ, ദൈവസാദൃശ്യമുള്ളവൻ | അരൂപിയും നിത്യനും |
| ദൈവസൃഷ്ടി | സൃഷ്ടി കർത്താവ് |
| മർത്യൻ | അമർത്യൻ |
| പരിമിതിയുള്ളവൻ | പരിമിതിയില്ലാത്തവൻ |
| ഭൗതികൻ എന്നാൽ ആത്മികമാകാൻ സൃഷ്ടിക്കപ്പെട്ടവൻ | ദിവ്യത്വമുള്ളവൻ |
| പാപത്തിനിരയാകുന്നവൻ | പരിശുദ്ധൻ |
| വികാരഗതിഭേദമുള്ളവൻ | വികാരത്താൽ മാറ്റമില്ലാത്തവൻ |
| ഒരു സമയത്ത് ഒരു സ്ഥലത്തു ജീവിക്കുന്നവൻ | സർവ്വവ്യാപി |
| ശരീരം താല്ക്കാലികമാണ് | ശരീരരഹിതൻ |
| ദൈവകല്പന വിശ്വസിച്ച് അനുസരിച്ചാൽ ജീവിതം ദൈവികമായി മാറും. ദൈവത്തിന്റെ അപ്രമേയജ്ഞാനത്താൽ അറിഞ്ഞു ദൈവത്തെ ഭയന്ന് കല്പനകൾ അനുസരിച്ചാൽ അവൻ ദൈവത്തോടു കൂടെ നിത്യനായി ജീവിക്കും | ന്യായകർത്താവ്<br>വിശ്വസ്തൻ<br>സത്യവാൻ<br>സ്നേഹവാൻ<br>രക്ഷകൻ |

# THE BIBLE TRUTH

**Editors**

**P.K. VARGHESE** **J.C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 19** **March 2006** **No.12**

## എഡിറ്റോറിയൽ

മനുഷ്യരിൽ അന്തർലീനമായി കിടക്കുന്ന ഒന്നാണല്ലോ വികാരം. അതിന്റെ വിഭിന്ന പ്രതികരണ സ്വഭാവം ഓരോ പ്രവൃത്തിയിലൂടെ ദൃശ്യമാണ്. ഹൃദയമാണ് വികാരത്തിന്റെ കേന്ദ്രബിന്ദു എന്നു പറയാം. ജഡിക മനുഷ്യരിൽ വികാരം വരുത്തി വെക്കുന്ന വിനകൾ എണ്ണമറ്റതാണ്. അതിനെ നിയന്ത്രിക്കുവാൻ സാദ്ധ്യമല്ലാതെ അവരെ അതു കീഴ്പ്പെടുത്തുന്നു. നമ്മുടെ വൈകാരിക മനോഭാവമനുസരിച്ചാണല്ലോ നാം ഓരോ കാര്യത്തിനും പ്രതികരിക്കാറുള്ളത്. അല്പം ചിന്തിക്കേണ്ട കാര്യമാണിത്: ഒരാളുടെ വ്യക്തിത്വത്തെ ബാധിക്കുന്ന രീതിയിൽ അയാളുടെ വികാരത്തെ അനുവദിച്ചുകൂടാ. ശിശുക്കളുടേയും പ്രായമായവരുടെയും വികാരങ്ങൾ വ്യത്യസ്തമാണ്. യുവാക്കളുടേത് മറ്റൊന്നായിരിക്കും. നാം വളരുന്ന ചുറ്റുപാടും പശ്ചാത്തലവും എല്ലാം നമ്മുടെ മനോഭാവത്തെ ബാധിക്കുന്നതുപോലെ വികാരത്തെയും ബാധിക്കുവാനിടയുണ്ട്.

പരിഹാസത്തിനും നിന്ദക്കും പാത്രീഭൂതനാകുന്ന ഒരാൾ തന്റെ മനസിന് ഏറ്റ ആഘാതം മാറ്റുവാൻ തിരിച്ച് എന്തെങ്കിലും പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നു. എങ്കിലേ അയാൾക്കു (ജഡത്തിനു) തൃപ്തി വരികയുള്ളു എന്നു പറയാം. വികാരത്തിന് ഇയാൾ അടിമപ്പെടുന്നു എന്ന് നിസംശയം നമുക്കു പറയാം. ഇത് സാധാരണ രീതിയിലുള്ള ഒരാളുടെ സ്വഭാവമാണ്. എന്നാൽ തന്നെ പരിഹസിച്ചവർക്ക് വേണ്ടത്ര വീണ്ടുവിചാരമില്ലാതെ, അറിവില്ലാതെ സംസാരിച്ചതാണെന്നു ചിന്തിക്കുവാനുള്ള വിവേചനാ ശക്തിയില്ലാതെ പോകുന്നതു കൊണ്ട് അവർ മാനുഷിക സംഘർഷത്തിലാകുന്നു. അതായത് അവരുടെ വികാരം അവരെ കൊണ്ട് ചിലത്

പ്രവർത്തിപ്പിക്കുന്നു എന്നർത്ഥം. ആത്മിക മനുഷ്യൻ വിവേചിച്ചു കാര്യങ്ങൾ ഗ്രഹിച്ച് ക്ഷമിക്കുവാൻ മനസ്സു കാണിക്കുന്നു. അവനെ തൃപ്തനാക്കുന്നത് അവന്റെ ക്ഷമാശീലമാകുന്നു. സമൂഹത്തിൽ പലർക്കും ഇത്തരം സാഹചര്യങ്ങൾ നേരിടുമ്പോൾ അതിനെ അതിജീവിക്കാൻ കഴിയാതെ വരുന്നു. അതിന്റെ പ്രതിവിധി തിരുവചനമാകുന്ന ദിവ്യഔഷധം തന്നെയാണ്. ആ നിർദ്ദേശങ്ങളും കല്പനകളും നമ്മുടെ ജീവിതത്തെ ഉയർത്തുവാൻ സഹായിക്കുന്നതാണ്.

ഹൃദയവികാരങ്ങൾ മാനിച്ചു കൊണ്ട് മതപരമായ കാര്യങ്ങൾ ക്രമീകരിച്ചിരിക്കുന്ന സമുദായങ്ങൾ ധാരാളമുണ്ട്. വികാരത്തെ ആത്മീയമെന്ന് തോന്നിപ്പിക്കുന്നവരുണ്ട്. ബാഹ്യമായ പ്രകടനങ്ങൾ നടത്തി ഭക്തിരസ പ്രദാനമെന്നു വരുത്തി തീർക്കുന്നവരും ഇല്ലാതില്ല. കരിസ്മാറ്റിക്, ധ്യാനം, ഉണർവ്വ് യോഗങ്ങൾ എന്നീ നവീന നാമങ്ങളാൽ അറിയപ്പെടുന്നവയെല്ലാം ഇതിനു ഉദാഹരണങ്ങളാണ്. മനുഷ്യവികാരത്തെ ഉണർത്തുന്ന തരത്തിലുള്ള കൂട്ടങ്ങൾ യാഥാർത്ഥ്യ ബോധമുൾക്കൊള്ളുന്നില്ല. എന്താണ് യഥാർത്ഥ ഭക്തി എന്നു പോലും ആളുകൾ ചിന്തിക്കുന്നില്ല, വിവേചിക്കുന്നില്ല. ദൈവവചനം കേട്ട്, വിശ്വസിച്ച് അനുസരിക്കുന്നതാണ് യഥാർത്ഥ ഭക്തി, ജീവൻ ലഭിക്കുന്നത് അങ്ങനെയുള്ളവർക്കാണ്. ദൈവവചനമാകുന്ന കർത്താവിന്റെ കല്പനകൾ അനുസരിക്കാതെ മറ്റെന്തു ചെയ്താലും അതിനു അനുസരണത്തിന്റെ പ്രയോജനം കിട്ടുന്നില്ല.

ഇന്നത്തെ പെരുനാളുകൾ, ആഘോഷങ്ങൾ എന്നിവ മനുഷ്യമനസ്സുകൾക്ക് കുളിർമ്മയേകും വിധം രൂപപ്പെടുത്തിയിരിക്കുന്നതാണ്. അതും വാസ്തവത്തിലുള്ള ഭക്തിയും തമ്മിൽ യാതൊരു ബന്ധവുമില്ല. ദൈവം ആത്മാവാകയാൽ വികാരങ്ങൾക്ക് അതീതനാണ്. മനുഷ്യർ ജഡികരാകയാൽ അവരിൽ വിവിധ വികാരങ്ങളാണുള്ളത്. നാം മനസിലാക്കേണ്ടത് നമ്മുടെ വികാരങ്ങൾക്കനുസരിച്ചുള്ള പ്രകടനങ്ങൾ ദൈവം സ്വീകരിക്കയില്ല എന്നാണ്. മറിച്ച് നാം ആത്മീയമായ അനുസരണത്താലാണ് ദൈവത്തെ പ്രസാദിപ്പിക്കുന്നതെങ്കിൽ അവ ദൈവം സ്വീകരിക്കയും പ്രതിഫലം നല്കുകയും ചെയ്യും. ദൈവം വെളിപ്പെടുത്തിയിരിക്കുന്ന സത്യം നാം മനസിലാക്കി ജീവിതത്തിൽ പ്രാവർത്തികമാക്കണം. അതാണ് ദൈവേഷ്ടം.

# ക്രിസ്തു വീണ്ടും വരുമ്പോൾ സംഭവിക്കുന്ന ചില കാര്യങ്ങൾ

**J.C ചോട്ട്**

യേശുക്രിസ്തു വീണ്ടും വരും എന്നതു സത്യമാണ്. അവൻ വരുന്നത് എപ്പോഴാണ് എന്ന് അറിയുക പ്രയാസമാണ്. അത് ഇന്നാകാം, നാളെയാകാം, അടുത്ത മാസമാകാം, അടുത്ത വർഷമാകാം, ആയിരം വർഷം കഴിഞ്ഞിട്ടാകാം. അവൻ രണ്ടാമതു വരും എന്നതു തീർച്ചയുള്ള കാര്യമാണ്. പക്ഷെ സമയത്തെ കുറിച്ച് നമുക്കാർക്കും അറിഞ്ഞുകൂടാ. കാരണം അത് വെളിപ്പെടുത്തിയിട്ടില്ല എന്നതാണ്. എന്നാൽ നമ്മോട് ആ ദിവസത്തിനായി ഒരുങ്ങിയിരിപ്പാൻ മുന്നറിയിച്ചിട്ടുണ്ട്. അത് നമ്മുടെ ആയുഷ്ക്കാല സമയത്തായാലും നമ്മുടെ വേർപാടിനു ശേഷമായാലും ശരി, നമ്മോട് ദൈവം അരുളിച്ചെയ്തിരിക്കുന്നതു പോലെ നാം തയ്യാറായി ഇരിക്കണം. ആ സമയത്ത് നാം എന്തെല്ലാം കാര്യങ്ങളിൽ ശ്രദ്ധാലുക്കളായിരിക്കണം എന്നു നാം അറിഞ്ഞിരിക്കണം.

അറിയിക്കാത്ത സമയത്തായിരിക്കും കർത്താവ് വരുന്നത്. പൌലൊസും പത്രൊസും പറഞ്ഞിരിക്കുന്നത് കർത്താവ് കള്ളനെ പോലെ വരും എന്നാണ്. പൌലൊസ് തെസലോനീക്യർക്ക് എഴുതിയിരിക്കുന്നതു എന്തെന്നു നോക്കാം. "കള്ളൻ രാത്രിയിൽ വരുമ്പോലെ കർത്താവിന്റെ നാൾ വരുന്നു എന്ന് നിങ്ങൾ തന്നേ നന്നായി അറിയുന്നുവല്ലോ." അവർ സമാധാനമെന്നും നിർഭയമെന്നും പറയുമ്പോൾ ഗർഭിണിക്ക് പ്രസവ വേദന വരുമ്പോലെ അവർക്കു പെട്ടെന്നു നാശം വന്നു ഭവിക്കും; അവർക്കു തെറ്റി ഒഴിയാവതുമല്ല (1 തെസലൊനിക്യർ 5:2-3). രണ്ട് പത്രൊസ് 3-ാം അദ്ധ്യായം പത്താം വാക്യം കൂടെ വായിക്കുമല്ലൊ. ക്രിസ്തു ഒരു കള്ളനെന്നല്ല, കള്ളനെപോലെ വരും എന്നു പറഞ്ഞാൽ അപ്രതീക്ഷിതമായ സമയത്തു വരും എന്നാണർത്ഥം. ഏതു സമയത്തും അവന്റെ വരവിന്നായി നാം ഒരുങ്ങിയിരിക്കണം എന്നതാണ് ആശയം.

ദൈവത്തിന്റെ കാഹള നാദത്തോടു കൂടിയാണ് യേശു വരുന്നത്. അപ്പൊസ്തലനായ പൌലൊസ് വ്യക്തമാക്കിയിരിക്കുന്ന സത്യം നോക്കുക. "കർത്താവ് താൻ ഗംഭീര നാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷി

ക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും" (1 തെസലോനിക്യർ 4:16-17). കർത്താവിന്റെ വരവിൽ സംഭവിക്കുന്ന കാര്യങ്ങളാണ് ഇവിടെ വിവരിച്ചിരിക്കുന്നത്.

പ്രതികാരം കൊടുക്കേണ്ടതിന്നു കർത്താവു തന്റെ ദൂതന്മാരുമായിട്ടാണ് വരുന്നത്. വീണ്ടും നമുക്ക് തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് വായിക്കാം. "കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്നു അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഡയും പീഡ അനുഭവിക്കുന്ന നിങ്ങൾക്കു ഞങ്ങളോടു കൂടെ ആശ്വാസവും പകരം നല്കുന്നത് ദൈവ സന്നിധിയിൽ നീതിയല്ലോ. ആ നാളിൽ അവൻ തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടേണ്ടതിനും ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ വിശ്വസിച്ചതുപോലെ വിശ്വസിച്ച എല്ലാവരിലും താൻ അതിശയ വിഷയം ആകേണ്ടതിന്നും വരുമ്പോൾ സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടു കൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും (2 തെസലൊനീക്യർ 1:6-10).

ക്രിസ്തു തന്റെ ദൂതന്മാരെ അയച്ചു തന്റെ രാജ്യമാകുന്ന സഭയ്ക്ക് ഇടർച്ച വരുത്തിയവരെ എല്ലാവരേയും കൂട്ടിച്ചേർക്കും. തന്റെ ഇഹലോക വാസത്തിനിടയിൽ യേശു തന്നെ പറയുന്ന ഭാഗം ശ്രദ്ധിക്കുക. "മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയക്കും അവർ അവന്റെ രാജ്യത്തിൽ നിന്നു എല്ലാ ഇടർച്ചകളേയും അധർമ്മം പ്രവർത്തിക്കുന്നവരേയും കൂട്ടിച്ചേർത്ത് തീച്ചൂളയിൽ ഇട്ടുകളയും അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും. അന്നു നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെ പോലെ പ്രകാശിക്കും. ചെവിയുള്ളവൻ കേൾക്കട്ടെ (മത്തായി 13:41-43).

കർത്താവിന്റെ വരവിങ്കൽ എല്ലാവരും ഉയിർത്തെഴുന്നേല്ക്കപ്പെടും. നീതിമാന്മാരും ദുഷ്ടന്മാരും ഒരുപോലെ ഉയിർത്തെഴുന്നേല്ക്കും. പിന്നീട് ഉണ്ടാകുന്ന ഫലം വ്യത്യാസമുള്ളതായിരിക്കും. യോഹന്നാൻ പ്രസ്താവിച്ചിരിക്കുന്നത് "ഇതിങ്കൽ ആശ്ചര്യപ്പെടരുത് കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു, നന്മ ചെയ്തവർ ജീവനായും, തിന്മ ചെയ്തവർ ന്യായവിധിക്കായും

പുനരുത്ഥാനം ചെയ്വാനുള്ള നാഴിക വരുന്നു" (യോഹന്നാൻ 5:28-29). അപ്പൊസ്തലനായ പൌലോസ് തന്റെ പ്രത്യാശയെ കുറിച്ച് അസന്നിഗ്ധമായി സംസാരിച്ചിട്ടുണ്ട്. "നീതിമാന്മാരുടേയും നീതികെട്ടവരുടേയും പുനരുത്ഥാനം ഉണ്ടാകും എന്നു ഇവർ കാത്തിരിക്കുന്നതു പോലെ ഞാനും ദൈവത്തിൽ ആശ വെച്ചിരിക്കുന്നു" (പ്രവൃത്തി 24:15). ക്രിസ്തുവിനെ ആശ്രയിച്ച്, അനുസരിച്ച് ജീവിക്കുന്ന ഏവർക്കും ഇതൊരു യാഥാർത്ഥ്യമാകുന്നത് അവന്റെ വരവിങ്കൽ ആണ്. അവനെ വിശ്വസിക്കാത്തവർക്ക് അന്ന് വിശ്വസിക്കേണ്ടി വരും. പക്ഷെ പിന്നീട് അനുസരിക്കുവാനുള്ള അവസരം കിട്ടുകയില്ല. പുനരുത്ഥാനത്തിൽ വിശ്വസിക്കാത്ത അനേകം പേർ ഇന്നുണ്ട്. പക്ഷെ അവരും ഉയിർത്തെഴുന്നേല്പിനു സാക്ഷ്യം വഹിക്കും.

വീണ്ടും കർത്താവു വരുമ്പോൾ എല്ലാം നശിച്ചു പോകയും വെന്തുരുകുകയും ചെയ്യും. ദൈവാത്മ നിയോഗത്താൽ അപ്പൊസ്തലനായിരുന്ന പത്രൊസ് ആ സംഭവത്തെ ഇങ്ങനെ വിവരിക്കുന്നു. "ചിലർ താമസം എന്നു വിചാരിക്കുന്നതു പോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല, ആരും നശിച്ചു പോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളു. കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്നു ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞു പോകും; മൂല പദാർത്ഥങ്ങൾ കത്തിയഴിയുകയും ഭൂമിയും അതിലുള്ള പണികളും വെന്തുരുകുവാനും ഉള്ള ദൈവ ദിവസത്തിന്റെ വരവു കാത്തിരുന്നും ബദ്ധപ്പെടുത്തിയുംകൊണ്ട് നിങ്ങൾ എത്ര വിശുദ്ധ ജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കണം. എന്നാൽ നാം അവന്റെ വാഗ്ദത്ത പ്രകാരം നീതി വസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കായിട്ടും കാത്തിരിക്കുന്നു" (2 പത്രൊസ് 3:9-13).

യേശു മടങ്ങി വരുമ്പോഴാണ് ന്യായവിധി നടക്കുന്നത്. ആർക്കും ഇതിൽ നിന്നും ഒഴിഞ്ഞു മാറാവുന്നതല്ല. നീതിയുള്ള ന്യായാധിപതിയാണ് നമ്മുടെ കർത്താവ്. തിരുവെഴുത്തു മുന്നറിയിച്ചിരിക്കുന്നത് നാം മനസിലാക്കിയിരിക്കണം. "അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാമെല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു"

(2 കൊരിന്ത്യർ 5:10). യേശുക്രിസ്തുവിന്റെ പ്രഥമ വരവിൽ താൻ ആരെയും ന്യായം വിധിച്ചില്ല. വചനം ജനങ്ങൾക്കു നല്കിയിട്ട് സ്വീകരിപ്പാനും ത്യജിപ്പാനും സ്വാതന്ത്ര്യം കൊടുത്തു. അവൻ പറഞ്ഞത്: എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവൻ ഉണ്ട്. ഞാൻ സംസാരിച്ച വചനം തന്നെ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും. ദൈവവചനത്തെ മാനിക്കാതെ, ഭയപ്പെടാതെ, അനുസരിക്കാതെ ഇരിക്കുന്ന ഓരോരുത്തരും ന്യായവിധി നാളിൽ തള്ളപ്പെടും. നിത്യ ശിക്ഷാവിധി അനുഭവിക്കേണ്ടി വരും എന്നോർക്കുക.

തന്റെ രാജ്യം അന്നാളിൽ അവൻ പിതാവിനെ ഏല്പിക്കും. ഇപ്പോൾ രാജ്യത്തിന്റെ ആധിപത്യം ക്രിസ്തുവിൽ നിക്ഷിപ്തമാണ്. അതായത് സഭയുടെ തലയും ഭരണാധികാരിയും കർത്താവാണ്. പക്ഷെ തന്റെ മടങ്ങിവരവിൽ ആ സഭയെ പിതാവിന്നു ഏല്പിച്ചു കൊടുക്കും. "പിന്നെ അവസാനം, അന്നു അവൻ എല്ലാ വാഴ്ച്ചക്കും അധികാരത്തിനും ശക്തിക്കും നീക്കം വരുത്തീട്ടു രാജ്യം പിതാവായ ദൈവത്തെ ഏല്പിക്കും. അവൻ സകല ശത്രുക്കളെയും കാല്ക്കീഴിലാക്കുവോളം വാഴേണ്ടതാകുന്നു (1 കൊരിന്ത്യർ 15:23-25).

അന്നു നീതിമാന്മാരെ നിത്യജീവങ്കലേക്കും ദുഷ്ടന്മാരെ നിത്യ ദണ്ഡനത്തിലേക്കും വേർതിരിക്കുന്ന ദിവസമാണ്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ദൈവത്തെ അനുസരിച്ച് ജീവിച്ചവരെ അവൻ സ്വർഗ്ഗത്തിലേക്കും അനുസരിക്കാതെ ജീവിച്ചവരെ നരകത്തിലേക്കും തള്ളിമാറ്റും (മത്തായി 25:46).

✶

സ്ത്രീകൾക്കു വേണ്ടി

## രക്ഷകർത്താക്കൾ എന്ന ഉത്തരവാദിത്വം

ബെറ്റി ബർട്ടൺ ചോട്ട്

തങ്ങൾ ലോകത്തിലേക്കു പുറത്തു വിടുന്ന കുട്ടികളെ കുറിച്ച് സുബോധമുള്ളവരായിരിക്കണം മാതാപിതാക്കൾ. കാരണം അവർക്ക് മക്കളോട് ഉത്തരവാദിത്വവും കടപ്പാടും ഉണ്ട്. അവരുടെ വരുമാനത്തിനും കഴിവിനും ഒരു പരിധിയുണ്ട് എന്നറിയാമല്ലോ. ആ

പരിമിതിക്കുള്ളിൽ വളർത്താവുന്ന കുട്ടികളായിരിക്കണം അവർക്കു വേണ്ടത്. ഇത് ബുദ്ധിയുള്ള നിർദ്ദേശമോ അഭിപ്രായമോ ആയി മാത്രം കാണരുത്. ദൈവത്തിന്റെ കല്പന കൂടെയാണ് എന്നോർക്കുക. ദൈവത്തിന്റെ നിലനില്പിനെ വിശ്വസിക്കാത്ത ഒരാളേക്കാൾ മോശമായിരിക്കും തങ്ങളുടെ മക്കൾക്കു വേണ്ടി കരുതാത്ത ഒരു ക്രിസ്ത്യാനി. ക്രിസ്ത്യാനികളായി തീർന്ന രക്ഷകർത്താക്കൾ കാര്യഗൗരവമുള്ളവരും കർത്താവിന്റെ കല്പന പ്രകാരം ജീവിക്കുന്നവരും ആകണം.

എന്തുകൊണ്ട് എന്നു ചോദിച്ചേക്കാം. ഒരു അവിശ്വാസി അവന്റെ ആത്മാവിനെ മാത്രം നശിപ്പിക്കുന്നു. എന്നാൽ വിശ്വാസിയായി തീർന്ന ഈ അപ്പനും അമ്മയും മക്കളെ പോറ്റി പുലർത്തുന്നില്ല. ശൈശവ പ്രായത്തിൽ പോലും എല്ലാ കുട്ടികൾക്കും വേണ്ട പരിചരണം നടത്തുവാൻ അവർക്കു കഴിയുന്നില്ല. വളർന്നു കഴിഞ്ഞാലും അവരുടെ ആവശ്യങ്ങളെ നിഷേധിക്കുവാൻ മാതാപിതാക്കൾ നിർബന്ധിതരാകുന്നു. അങ്ങനെ വരുമ്പോൾ അവർക്കു വേണ്ട ആഹാരം, വസ്ത്രം, വിദ്യാഭ്യാസം എന്നിവ കൊടുക്കാതിരിക്കുന്നു; ആത്മിയമായി കുട്ടികളെ കർത്താവിന്റെ പത്ഥ്യോപദേശപ്രകാരം വളർത്താൻ കഴിയാതെ വരുന്നു. തൻ നിമിത്തം കുട്ടികൾ ആത്മിയമായി ദൈവത്തിൽ നിന്നും അകന്നു പോകുന്നു. ഇതിനു കാരണക്കാർ ഇത്തരം മാതാപിതാക്കൾ ആണ്.

തീർച്ചയായും സ്ത്രീകൾക്ക് ഇതിൽ തുല്യ പങ്കു വഹിക്കാനുണ്ട്. ഭർത്താവിനോടൊപ്പം കഴിയുന്ന ഭാര്യക്കു ചിന്താശക്തിയും ബുദ്ധിശക്തിയും ഉണ്ടല്ലോ. അവരുടെ അറിവു കൂടാതെ എങ്ങനെയായാലും മക്കൾ ജനിക്കയില്ല. അറിയാതെ സംഭവിച്ചുപോയി എന്നു പലരും പറയാറുണ്ട്. അതു ന്യായീകരണം മാത്രം. ഒന്നോ രണ്ടോ പേർ വേണമോ അതോ ധാരാളം മക്കൾ വേണമോ എന്ന കാര്യത്തിൽ ഭർത്താവും ഭാര്യയും ഏക നിശ്ചയത്തിൽ എത്തണം. ബാലൻ നടക്കേണ്ട വഴിയിൽ അവനെ അഭ്യസിപ്പിച്ചാൽ വൃദ്ധനായാലും അവൻ അതു വിട്ടുകളയില്ല.

✶

## മാറാത്ത ദൈവാലോചന

ദില്ലാർഡ് തർമാൻ

യഥാർത്ഥമായി നമ്മെ ആശ്വസിപ്പിക്കുന്ന ഒരു മനോഭാവം ദൈവത്തിനുണ്ടെങ്കിൽ അതു വ്യതിചലിക്കാത്ത, അല്ലെങ്കിൽ മാറാത്ത അവസ്ഥ തന്നെയാണെന്നു പറയാം. മനുഷ്യനുമായുള്ള തന്റെ എല്ലാ ബന്ധത്തിലും നമ്മുടെ ദൈവം വിശ്വസ്തൻ തന്നെ. സങ്കീർത്തനക്കാരൻ പറയുന്നു: യഹോവയുടെ കൃപകളെക്കുറിച്ചു ഞാൻ എന്നേക്കും പാടും; തലമുറ തലമുറയോളം എന്റെ വായ്കൊണ്ടു നിന്റെ വിശ്വസ്തതയെ അറിയിക്കും. ദയ എന്നേക്കും ഉറച്ചു നില്ക്കും എന്നു ഞാൻ പറയുന്നു. നിന്റെ വിശ്വസ്തതയെ നീ സ്വർഗ്ഗത്തിൽ സ്ഥിരമാക്കിയിരിക്കുന്നു (സങ്കീർത്തനങ്ങൾ 89:1-2). ദൈവം സംസാരിക്കുമ്പോൾ നമുക്കു അറിയാം അതു സത്യമാണെന്ന്. മോശെയുടെ ഗീതത്തിലും തെളിഞ്ഞു നില്ക്കുന്ന വസ്തുതയാണ് ഇത്. "അവൻ പാറ; അവന്റെ പ്രവൃത്തി അത്യുത്തമം; അവന്റെ വഴികൾ ഒക്കെയും ന്യായം. അവൻ വിശ്വസ്തതയുള്ള ദൈവം: വ്യാജമില്ലാത്തവൻ; നീതിയും നേരുമുള്ളവൻ തന്നേ" (ആവർത്തന പുസ്തകം 32:4). ബിലെയാമിന്റെ സുഭാഷിതം ശ്രദ്ധിക്കൂ! "വ്യാജം പറവാൻ ദൈവം മനുഷ്യനല്ല, അനുതപിപ്പാൻ അവൻ മനുഷ്യപുത്രനുമല്ല, താൻ കല്പിച്ചതു ചെയ്യാതിരിക്കുമോ? (സംഖ്യാ പുസ്തകം 23: 19). നമ്മുടെ വിശ്വാസവും പ്രത്യാശയും എല്ലാം ദൈവത്തിൽ അർപ്പിക്കാൻ ധൈര്യം അവലംബിക്കുക. അപ്പൊസ്തലനായിരുന്ന പൗലൊസ് അവനെക്കുറിച്ചു പ്രഖ്യാപിച്ചതു: നാം അവിശ്വസ്തരായി തീർന്നാലും അവൻ വിശ്വസ്തനായി പാർക്കുന്നു. തന്റെ സ്വഭാവം ത്യജിപ്പാൻ അവനു കഴികയില്ലല്ലൊ. ഈ വചനം വിശ്വാസ്യയോഗ്യമാകുന്നു (2 തിമൊഥെയോസ് 2:13). ദൈവം കല്പിച്ചാൽ അതു സംഭവിക്കും. വാഗ്ദാനം ചെയ്താൽ നിറവേറും; പറഞ്ഞാൽ അതു സത്യമായിരിക്കും. പ്രവാചകൻ അരുളിച്ചെയ്ത കർത്താവിന്റെ വഴി നേരുള്ളതു.

### പ്രകൃതിയിൽ ദൈവം വിശ്വസ്തനും സത്യവാനും

പ്രകൃതിയിൽ ദൈവത്തിന്റെ വിശ്വസ്തതയുടെ ഉറപ്പു നല്കുന്നുണ്ട്. ധാർമ്മിക നിയമത്താൽ ചലിക്കുന്ന ഒന്നാണല്ലോ പ്രകൃതി. അതിനു മാറ്റമോ ഏറ്റക്കുറച്ചിലോ അനുഭവപ്പെടുന്നില്ല. സൂര്യനെയും, ചന്ദ്രനെയും, നക്ഷത്രങ്ങളെയും ദൈവം അതാതിന്റെ സ്ഥാനത്തു നിർത്തിയിരിക്കുന്നു. ലോകത്തോടുള്ള അവയുടെ

സ്വാധീന ശക്തിയിൽ മാറ്റം സംഭവിക്കുന്നില്ല. "ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു. ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു. പകൽ പകലിനു വാക്കു പൊഴിക്കുന്നു; രാത്രി രാത്രിക്കു അറിവു കൊടുക്കുന്നു (സങ്കീർത്തനങ്ങൾ 19:1-2). പകൽ സമയത്തു ജോലി ചെയ്തു ക്ഷീണിക്കുന്നതു നിമിത്തം രാത്രിയിൽ നമുക്കു ഉറങ്ങാം. രാവിലെ ഉണരുന്നതു ഒരു ഉറപ്പോടു കൂടെയാണ്. ദൈവം മുകളിൽ ഉള്ളതുകൊണ്ട് എല്ലാ കാര്യങ്ങളെയും അവൻ നിയന്ത്രിക്കുന്നു. ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. പിന്നീട് സൃഷ്ടിച്ചവയെല്ലാം അതാതിന്റെ പ്രവൃത്തികൾ അഭംഗുരം തുടരുന്നു. സർവ്വശക്തനായ ദൈവത്തിന്റെ വിസ്മയകരമായ പ്രവൃത്തിയാണ് അതെല്ലാം. അവനിൽ അവയെല്ലാം വിശ്വസ്തമായിരിക്കുന്നു. പരാജയപ്പെടാതെ ദൈവത്തിന്റെ സൃഷ്ടികളെല്ലാം സജീവമായി നിലനില്ക്കുന്നു എന്നതു എത്ര അത്ഭുതം!

യഹോവേ നിന്റെ വചനം സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നു; നിന്റെ വിശ്വസ്തത തലമുറ തലമുറയോളം ഇരിക്കുന്നു. നീ ഭൂമിയെ സ്ഥാപിച്ചു അതു നില നില്ക്കുന്നു. അവ ഇന്നുവരെ നിന്റെ നിയമപ്രകാരം നിലനില്ക്കുന്നു. സർവ്വ സൃഷ്ടികളും നിന്റെ ദാസന്മാരാകുന്നു (സങ്കീർത്തനങ്ങൾ 119:90-91). സകലത്തെയും ഉണ്ടാക്കുക മാത്രമല്ല; അവൻ തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനുമാണ് (എബ്രായർ 1:3). ഒരിക്കൽ ഒരു കുട്ടി തന്നെത്താൻ ഒരു പന്ത് മുകളിലേക്ക് എറിയുകയും തിരിച്ചു വരുമ്പോൾ പിടിക്കയും ചെയ്തു കൊണ്ടിരുന്നത് ശ്രദ്ധിച്ച വഴിയാത്രക്കാരൻ കുട്ടിയോട് നീ എന്താണ് ചെയ്യുന്നത് എന്നു ചോദിച്ചു. കുട്ടി അതിനു ഉടനെ പറഞ്ഞ മറുപടി "ഞാൻ ദൈവവുമായി കളിക്കയാണ് എന്നാകുന്നു, അവൻ പറഞ്ഞു: ഞാൻ പന്ത് മുകളിലേക്കു എറിയും ദൈവം അതു തിരികെ ഇങ്ങോട്ട് തന്നെ വിടും എന്ന്. ഭൂമിക്കു ആകർഷണശക്തി കൊടുത്തു നിർമ്മിച്ച ദൈവത്തിൽ വിശ്വസിക്കുന്ന ഒരു കുട്ടി നിങ്ങൾക്കുണ്ടോ? "ഈ കാണുന്ന ലോകത്തിനു ദൃശ്യമായതല്ല കാരണം എന്നു വരുമാറു ലോകം ദൈവത്തിന്റെ വചനത്താൽ നിർമ്മിക്കപ്പെട്ടു എന്നു നാം വിശ്വാസത്താൽ അറിയുന്നു" (എബ്രായർ 11:3). ഈ വിശാലമായ പ്രകൃതിയെ നിയന്ത്രിക്കുന്നതു മാറ്റമില്ലാതെ തുടരുന്നതു കാണുമ്പോൾ ദൈവത്തിന്റെ സ്ഥിരമായ സ്വഭാവത്തെ നമുക്കു കാണാം.

വൈദ്യുതി നിയമത്തിൽപോലും മാറ്റമില്ലാത്ത അവസ്ഥ നമുക്കു തിരിച്ചറിയാം. അതിനു വ്യത്യാസം സംഭവിക്കുന്നില്ല. വൈദ്യുതിയിൽ എപ്പോഴും വരുന്നതും പോകുന്നതുമായ പ്രവാഹം ഉണ്ടായിരിക്കും. ഈ നിയമപ്രകാരമല്ലാതെ ഒരു ലൈറ്റും കത്തുകയില്ല; ഒരു മോട്ടോറും പ്രവർത്തിക്കയില്ല. ന്യൂട്ടൻ ഭൂമിയുടെ ആകർഷണശക്തി കണ്ടു പിടിക്കമാത്രമാണ് ചെയ്തത്. അതിന്റെ നിർമ്മാതാവ് ദൈവമാണ്. ഓരോ വിത്തും അതാതിന്റെ ഫലം പുറപ്പെടുവിക്കുന്നതു പ്രത്യുല്പാദന നിയമമാണ്. കൃഷിക്കാർക്കെല്ലാം സുപരിചിതമായ വസ്തുതയാണത്.

പ്രത്യുല്പാദന നിയമം മനുഷ്യൻ ഉണ്ടാകുന്നതിനു മുമ്പു തന്നെ നിലവിലുണ്ടായി. അതിനു മാറ്റമില്ല. ഈ നിയമങ്ങളെല്ലാം മാറ്റമില്ലാതെ തുടരുന്നതിന്റെ കാരണം ദൈവമാണ് അവയെ അത്തരത്തിൽ നിയന്ത്രിക്കുന്നതു എന്നതാണ്. അങ്ങനെയുള്ള ദൈവസ്വഭാവം സ്ഥിരമായിരിക്കുന്നു എന്ന തെളിവാണ് ഇതിൽക്കൂടെ അവൻ കാണിച്ചു തരുന്നത്. നാം എങ്ങനെയൊക്കെ മാറിയാലും ശരി ദൈവത്തിന്റെ സ്വഭാവം മാറാതിരിക്കുന്നു എന്നതു എത്ര ആശ്വാസകരം.

## വിശ്വസ്തനായ ദൈവം വിശ്വസ്തനായ അബ്രഹാമിനോട്

കല്ദയരുടെ പട്ടണമായ ഊരിൽനിന്നും ദൈവം അബ്രഹാമിനെ വിളിച്ചപ്പോൾ അവൻ നല്കിയ വാഗ്ദാനം വരുവാനുള്ള തലമുറകൾക്ക് പ്രതീക്ഷയും പ്രത്യാശയും ഉണർത്തുന്ന സുവർണ്ണ രേഖയായി മാറി, "നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും; നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും. നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും. ഇസ്രായേലിന്റെ പ്രത്യാശക്കായി ദൈവം വാഗ്ദാനങ്ങളും അനുഗ്രഹ ങ്ങളും നല്കുമെന്ന് ബോധ്യപ്പെടുത്തിയതു അവരുടെ ആശ്രയം ദൈവത്തിൽ ആയിരിക്കേണ്ടതിനാണ്. ദൈവം അബ്രഹാമിനോടു വാഗ്ദാനം ചെയ്തപ്പോൾ തന്നെക്കാൾ വലിയവരെ കൊണ്ടു സത്യം ചെയ്‌വാൻ ഇല്ലാഞ്ഞിട്ടു തന്നെക്കൊണ്ടു തന്നെ സത്യം ചെയ്തു. "ഞാൻ നിന്നെ അനുഗ്രഹിക്കയും നിന്നെ വർദ്ധിപ്പിക്കയും ചെയ്യും" എന്നു അരുളിച്ചെയ്തു. മനുഷ്യൻ ആണയാലല്ലൊ കാര്യങ്ങൾ ഉറപ്പിച്ചു പറയുന്നതു.

★

# മറ്റുള്ളവരെ വിധിക്കൽ

മാർലിൻ കിൻ പാട്രിക്

യേശുക്രിസ്തുവിന്റെ ഭൂമിയിലെ ശുശ്രൂഷാവേളകളിൽ തനിക്കു കാണാൻ കഴിഞ്ഞ പൊതുവായ പല കാര്യങ്ങളിൽ ഒന്നായിരുന്നു ക്ലേശം. ആളുകൾ ഈ കഷ്ടതയിൽ വ്യാകുലചിത്തരായിരുന്നു. അതിനു പരിഹാരം വരുത്തിയ കർത്താവിനെക്കുറിച്ച് തിരുവെഴുത്തിൽ പ്രസ്താവിച്ചിരിക്കുന്നതു നോക്കുക. നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രെ നമുക്കുള്ളത് (എബ്രായർ 4:15). യേശുവിന്റെ വാക്കുകൾ പലർക്കും ഖേദമുളവാക്കി; കാരണം തെറ്റിദ്ധാരണയായിരുന്നു. ഇന്നും അതുപോലെ യേശുക്രിസ്തുവിന്റെ വചനങ്ങൾ തെറ്റിദ്ധരിക്കപ്പെട്ടിരിക്കയാണ്. അതിനു നല്ലൊരു ഉദാഹരണമാണ് മറ്റൊരാൾ ചെയ്യുന്ന പ്രവൃത്തികളെ വിധിക്കുക എന്നതു. അതിൽ അടങ്ങിയിരിക്കുന്ന വസ്തുത നാം ശരിയായി പരിശോധിച്ചു മനസിലാക്കേണ്ടതാണ്.

"നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന്നു വിധിക്കരുതു" എന്നു ക്രിസ്തു അരുളിച്ചെയ്തു (മത്തായി 7:1) മറ്റൊരു വ്യക്തിയുടെ പ്രവൃത്തിയെ വിലക്കുന്നതിനെയാണ് വിധിക്കരുതു എന്നു പറഞ്ഞിരിക്കുന്നതു എന്നാണ് പലരും അതിനു പറയുന്ന കാരണം. സാഹചര്യങ്ങളും സന്ദർഭങ്ങളും നിങ്ങൾക്ക് അറിഞ്ഞുകൂടാ. അതുകൊണ്ട് വേറൊരാളുടെ പ്രവൃത്തിയെ സംബന്ധിച്ച് നാം അഭിപ്രായം പറയരുത്. എന്നാൽ ഈ വേദഭാഗത്തിൽ പറഞ്ഞിരിക്കുന്ന കല്പനയുടെ ഉദ്ദേശം അതാണോ? അല്ലെങ്കിൽ അത്തരം അഭിപ്രായപ്രകടനം ശരിയാണോ എന്നു നാം ചിന്തിക്കേണ്ടതുണ്ടു. സന്ദർഭോചിതമായിരിക്കണം നാം കാര്യങ്ങളെ വിവേചിക്കുവാൻ. ഒരു വാക്യത്തിന്റെ അംശമായ അർത്ഥം എടുത്തുകൊണ്ട് നമ്മുടെ ആശയം സ്ഥാപിക്കാൻ ശ്രമിക്കരുത്. വേദപുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന സന്ദർഭം നാം വ്യക്തമായി മനസിലാക്കിയിരിക്കണം. അതിനുശേഷമേ ആ വാക്യത്തിന്റെ പ്രസക്തി നാം എടുത്തു ഉപയോഗിക്കാവൂ.

മത്തായി ഏഴാം അദ്ധ്യായത്തിൽ യേശു വിധിക്കരുതു എന്നു പറഞ്ഞതു മറ്റുള്ളവരുടെ ഉദ്ദേശങ്ങളെ മറികടന്നു തീർപ്പു കല്പിക്കുന്നതിനെയാണ് സൂചിപ്പിക്കുന്നതു. വേറൊരാളുടെ

ഉള്ളിലെ വിചാരങ്ങളെ അറിയുവാൻ ഒരു മനുഷ്യനും സാദ്ധ്യമല്ല ല്ലോ. കാപട്യം അടങ്ങുന്ന ഒന്നാണ് ഇവിടെ പറയുന്ന വിധികൾ. സ്വന്ത കണ്ണിലെ കോൽ എടുക്കാതെ സഹോദരന്റെ കണ്ണിലെ കരട് നോക്കുന്നതു എന്ത്? അല്ല, സ്വന്ത കണ്ണിൽ കോൽ ഇരിക്കെ നീ സഹോദരനോടു: നില്ക്ക, നിന്റെ കണ്ണിൽ നിന്നു കരട് എടുത്തു കളയട്ടെ എന്നു പറയുന്നതു എങ്ങനെ? അങ്ങനെയുള്ളവർ കപടഭക്തരാണ് എന്നു കർത്താവു പറഞ്ഞിരിക്കുന്നു (മത്തായി 7:4-5). ഒരാളുടെ പ്രവർത്തനോദ്ദേശ്യം ഹൃദയത്തിൽ നിന്നാണല്ലോ ഉത്ഭവിക്കുന്നതു. അങ്ങനെയുള്ള ഉദ്ദേശത്തെ ഒരാൾ വിധിക്കുന്ന താണ് കർത്താവ് വിലക്കിയിരിക്കുന്നതു (മത്തായി 12:34-37). അതതു ഉദ്ദേശങ്ങളെ യഥാർത്ഥമായി അറിയുവാൻ കഴിയുന്നതു ദൈവത്തിനു മാത്രമാണ് (1 ശമുവേൽ 16:7). അഭിപ്രായം പറയുന്നത് വിധിക്കലല്ല. മറ്റൊരാൾ വിശ്വാസത്തിൽ ശക്തനാണ് എന്നു നമുക്കു എങ്ങനെ തീർച്ചപ്പെടുത്താം? അദ്ദേഹത്തിന്റെ പ്രവർത്തികൾ വചനാ നുസരണമായിരിക്കും. സത്യത്തിന്റെ പരിജ്ഞാനം ഉള്ളവർക്കേ അതു ഗ്രഹിക്കാൻ പറ്റൂ. തെറ്റിദ്ധാരണയോ സംശയങ്ങളോ വെച്ചു കൊണ്ട് ആരെയും വിധിക്കാതെ ആത്മാർത്ഥമായ സമീപനത്തോടെ കാര്യങ്ങൾ നോക്കി കാണണം. എന്തിനെയും എതിർക്കുന്നവർക്കും തീർപ്പ് കല്പിക്കാൻ വ്യഗ്രത കാണിക്കുന്നവർക്കും കർത്താവ് മുന്നറി യിപ്പ് നല്കുകയാണ്.

മത്തായി 7 ന്റെ ഒന്നാം വാക്യം ശരിയായി വ്യാഖ്യാനിക്കേ ണ്ടതു എങ്ങനെയെന്തെന്നാൽ, ദൈവ വചനത്തിൽ മറ്റു ഭാഗങ്ങളിൽ ഈ വിഷയത്തെക്കുറിച്ചു പ്രതിപാദിക്കുന്നതെല്ലാം നാം പരിഗണന ക്കായി എടുക്കണം. മറ്റേതൊരു വിഷയത്തിലും ഈ സത്യം നാം സ്വീകരിക്കണം. എങ്കിലേ പൂർണ്ണമായ സത്യം നമുക്കു ലഭിക്കയു ള്ളൂ. ഒന്നാമതു ബൈബിളിൽ വിവിധ തരത്തിലുള്ള വിധിയെക്കുറിച്ച് പറയുന്നുണ്ട്. പ്രായോഗിക തലത്തിലുള്ള സന്ദർഭം നോക്കി അഭിപ്രായം സ്വീകരിക്കേണ്ടതു നമ്മളാണ്. അതേസമയം മറ്റു വേദഭാഗത്തിൽ അതിനു പ്രതികൂലമാകാതിരിക്കയും വേണം. യേശുക്രിസ്തു നമ്മെ പഠിപ്പിക്കുന്ന സത്യത്തിന്റെ എല്ലാ വശങ്ങളും നാം കണക്കിലെടുക്കണം എന്നർത്ഥം. യേശുക്രിസ്തു ശബ്ബത്തിൽ ഒരു രോഗിയെ സൗഖ്യമാക്കിയപ്പോൾ യെഹൂദന്മാർ അവനെ വിധിക്കയുണ്ടായി. അവൻ അവരോട് "മോശെയുടെ ന്യായപ്രമാണ ത്തിനു നീക്കം വരാതിരിപ്പാൻ ശബ്ബത്തിലും മനുഷ്യൻ പരിച്ഛേദന

ഏല്ക്കുന്നു എങ്കിൽ ഞാൻ ശബ്ബത്തിൽ ഒരു മനുഷ്യനെ മുഴുവനും സൗഖ്യമാക്കിയതിനാൽ എന്നോടു ഈർഷ്യപ്പെടുന്നുവോ? കാഴ്ച പ്രകാരം വിധിക്കരുതു. നീതിയുള്ള വിധി, വിധിപ്പിൻ (യോഹന്നാൻ 7:23-24) ഈ സന്ദർഭത്തിൽ വിധിക്കരുതു എന്നു കർത്താവ് പറയുന്നില്ല. പക്ഷെ അതു കാഴ്ച പ്രകാരം അരുത്; നീതിപൂർവ്വമായ ഒന്നായിരിക്കയും വേണം. മനുഷ്യ നീതിയല്ല ദൈവത്തിന്റെ നീതി എന്നും നാം അറിഞ്ഞിരിക്കണം. അപ്പോൾ വ്യത്യസ്തമായ രീതിയിലാണ് വിധിക്കേണ്ടത്. ചില കാര്യങ്ങളിൽ ചിലർ വിധിക്കയുമരുതു. ഉദ്ദേശശുദ്ധിയെ നാം മാനിക്കണം. കുറ്റപ്പെടുത്താനായി വിധിക്കുന്നവരുണ്ട്. അതു ദൈവസന്നിധിയിൽ തെറ്റായ ഒരു വിധിയായിരിക്കും. ന്യായമായ വിവേചനം ഈ കാര്യത്തിൽ ഉണ്ടാകണം. ദൈവത്തിന്റെ വചനത്തിൽ പക്വത കൈവന്നവർക്കേ അതിനു കഴിയൂ എന്നു പറയാം.

"എല്ലാ സന്ദർഭങ്ങളും സാഹചര്യങ്ങളും നിങ്ങൾക്ക് അറിഞ്ഞുകൂടാ" എന്ന അവകാശം ന്യായമായി നാം പരിഗണിക്കേണ്ടതാണ്. ഒരു മനുഷ്യനു ഒരു കാര്യത്തെക്കുറിച്ച് എല്ലാ അറിവും ലഭിക്കണം എന്നതു പ്രയാസകരമാണ്. ദൈവം അതു ആഗ്രഹിക്കുന്നുമില്ല. മറ്റൊരാളുടെ പ്രവൃത്തിയെ വിലയിരുത്തുന്നതു കാഴ്ചയിൽ ആയിരിക്കരുതു എന്നു കർത്താവ് പറഞ്ഞതു ഓർമ്മയില്ലേ? ഹൃദയ വിചാരങ്ങൾ ഒരാൾക്ക് മറ്റൊരാളുടെ അറിയാൻ സാദ്ധ്യമല്ല. നല്ല ഉദ്ദേശത്തോടെ ഒരാൾ ഒരു പ്രവൃത്തി ചെയ്യുമ്പോൾ അതിനെ മറ്റൊരു കാഴ്ചപ്പാടിൽ കണ്ട് ദുരാരോപണം ഉന്നയിക്കുന്ന പ്രവണത തെറ്റാണ്. പക്ഷെ സാഹചര്യത്തെ മുൻനിർത്തി പാപം ചെയ്യുന്ന അവസ്ഥയിലാണെങ്കിൽ അതു നീതീകരിക്കാവുന്നതല്ല. നമുക്കു ഗ്രഹിക്കാൻ പറ്റാത്ത കാര്യമാണെങ്കിൽ അതു ദൈവത്തിൽ ഭരമേല്പിക്കുക. ഒരു വ്യക്തിക്കു പാപം ചെയ്യുവാൻ ഒരവസരം സന്ദർഭോചിതമായി ലഭിക്കുന്നു എന്നു പറയാൻ പറ്റില്ല. യാദൃശ്ചികമായി സംഭവിച്ചു എന്നു പറയാവുന്നതല്ല. കാരണം അതു ചെയ്യുവാൻ തീരുമാനിച്ചുറപ്പിച്ച വ്യക്തിയാണ് അതു തിരഞ്ഞെടുത്തതു ദാവീദിനു ഊരിയാവിന്റെ ഭാര്യയെ കണ്ട സന്ദർഭം അവനെ പാപത്തിലേക്കു നയിച്ചു എന്നു പറയാം. പക്ഷെ വേറൊരു സന്ദർഭത്തിൽ പൊത്തിഫേറിന്റെ ഭവനത്തിൽവെച്ച് യോസേഫിനുണ്ടായ ആ സന്ദർഭത്തിൽനിന്നും യോസേഫ് ഓടി രക്ഷപ്പെട്ടു. ദൈവത്തെ അനുസരിക്കുന്നതു തെരഞ്ഞെടുക്കുന്നുവോ. അതോ അനുസരി

ക്കാതിരിക്കുന്നതു തെരഞ്ഞെടുക്കുന്നുവോ ഇതാണ് ഇവിടെ പ്രശ്നം.

സ്വന്തം അനുമാനംമാത്രം ശരി എന്നും മറ്റുള്ളവരുടെ അഭിപ്രായം ശരിയല്ലെന്നും ശഠിക്കുന്നതു അപകടമാണ്. നാം നമ്മെക്കാൾ മറ്റുള്ളവരെ ശ്രേഷ്ഠർ എന്നു എണ്ണണം.

★

## സത്യം വില്ക്കുകയല്ല വാങ്ങുകയത്രെ വേണ്ടത്

### T. പിയേഴ്സ് ബ്രൗൺ

മനസിന്റെ ഉപരിതലത്തിലേക്ക് ഒരു ചോദ്യം ഉയർന്നു വരാൻ സാദ്ധ്യതയുണ്ട്. ആരും വില്ക്കുന്നില്ലെങ്കിൽ ഒരാൾക്ക് എങ്ങനെ വാങ്ങാൻ പറ്റും? എന്നാൽ സദൃശ്യവാക്യങ്ങൾ 23-ാം അദ്ധ്യായം 23-ാം വാക്യത്തിൽ ശലോമോൻ പ്രതിപാദിക്കുന്നതു ഭൗതിക വസ്തുക്കളുടെ വ്യാപാരമല്ല. നമ്മുടെ രാജ്യത്തിനു സ്വാതന്ത്ര്യം നേടിതന്നതു നമ്മുടെ പൂർവ്വിക പിതാക്കളുടെ കഠിന പ്രയത്നവും രക്തച്ചൊരിച്ചിലും ആയിരുന്നു. ക്രിസ്തീയ അവകാശത്തിനായി അനേകം പേർ രക്തസാക്ഷിത്വം വഹിച്ചു. പക്ഷെ അവരാരും ഇതൊന്നും വില്ക്കുകയോ വാങ്ങുകയോ ചെയ്തതല്ല.

ഈ ആശയത്തിന്റെ പ്രസക്തി വർദ്ധിച്ചു വരുന്നതു സത്യത്തിന്റെ പ്രാധാന്യം നാം മനസിലാക്കുമ്പോഴത്രെ. സത്യത്തെ ഉയർത്തി കാണിക്കുവാൻ ധാരാളം പേർ നിതാന്തപരിശ്രമം നടത്തിയ ചരിത്രം നമുക്ക് മറക്കാൻ പറ്റുന്നതല്ല. എന്നാൽ അസംഖ്യം പേർ ഒന്നോ അതിലധികമോ കാരണങ്ങളാൽ സത്യത്തെ വിറ്റുകളഞ്ഞതായും വിവരണമുണ്ട്. സത്യം നിങ്ങൾ അറിയും സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്നു കർത്താവ് പറഞ്ഞപ്പോൾ (യോഹന്നാൻ 8:32) അതിൽ വിശാലമായ ഒരു തത്വം ഉൾക്കൊണ്ടിരിക്കുന്നു. ചരിത്രപരമായ സത്യത്തെ കുറിച്ചുള്ള അറിവ് നമുക്കു പല കാര്യങ്ങളിലും സ്വാതന്ത്ര്യം തരുന്നു. വിശേഷിച്ച് ആവർത്തിച്ചുള്ള തെറ്റുകൾ ഉപേക്ഷിക്കാൻ കഴിയും. ശാസ്ത്രീയ സത്യത്തെ കുറിച്ചുള്ള അറിവ് ആ രംഗത്തുള്ള അന്ധവിശ്വാസങ്ങളിൽ നിന്നുള്ള സ്വാതന്ത്ര്യം നേടി തരുന്നു. മുൻപെങ്ങും കണ്ടെത്താൻ കഴിയാതിരുന്ന പലതും കൈപ്പിടിയിൽ ഒതുങ്ങുന്നതായി തീർന്നു.

സാമ്പത്തിക ശാസ്ത്രത്തെ കുറിച്ചുള്ള അറിവു കൊണ്ട് ദാരിദ്ര്യാവസ്ഥയിൽ നിന്നു മോചനം ലഭിക്കുന്നു. വൈദ്യശാസ്ത്ര രംഗത്തെ കുറിച്ചുള്ള അറിവ് മനുഷ്യരെ പല രോഗങ്ങളിൽ നിന്നു സ്വതന്ത്രരാക്കുന്നു. രാജ്യത്തെ മഥിക്കുന്ന പല ബാധകളിൽ നിന്നും മോചനം വേണമെങ്കിൽ ധാർമ്മികവും വർഗ്ഗീയവുമായ സത്യത്തെ മനസിലാക്കിയിരിക്കണം. മതപരമായ സത്യത്തെ അറിയുമ്പോൾ പലവിധ പാപങ്ങളിൽ നിന്നും ശിക്ഷയിൽ നിന്നും ആളുകൾക്കു വിടുതൽ കിട്ടുന്നു. സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്നു യേശു പറഞ്ഞത് യാദൃശ്ചികമായി അറിയുമെന്നോ അത്ഭുതകരമായി സ്വതന്ത്രരാക്കുമെന്നോ അല്ല. ഓരോ വ്യക്തിക്കും ആത്മീയമായ സത്യം അറിയുവാനുള്ള അവസരം ലഭിക്കും. അതു ശരിയായി പ്രയോഗിച്ചാൽ ആ വ്യക്തിക്കു പ്രയോജനം ലഭിക്കും. സ്വതന്ത്ര ചിന്താഗതിക്കനുസരിച്ചാണല്ലൊ മനുഷ്യൻ പ്രവർത്തിക്കുന്നത്. അതുകൊണ്ട് അതിന്റെ ഗുണവും ദോഷവും അനുഭവിപ്പാൻ അവൻ കടപ്പെട്ടിരിക്കുന്നു. ദൈവം ആരെയും നിർബ്ബന്ധിച്ച് ഒന്നും ചെയ്യിക്കയില്ല. തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം എപ്പോഴും നമ്മിൽ ഉണ്ട്.

ശരിയായ മനോഭാവത്തോടെ ഒരാൾക്കു പ്രതികരിക്കാൻ മതിയായ അധികാരം മറ്റൊന്നിനാലും കിട്ടുന്നതല്ല. സത്യത്തിന്റെ വേഷം ധരിച്ചിരിക്കുന്ന വ്യക്തിക്കു മാത്രം അതിനു കഴിയും. എവിടെയാണെങ്കിലും സത്യം അന്വേഷിക്കുവാനും കണ്ടെത്തു വാനും അനുസരിക്കുവാനും എവിടെയായാലും നയിക്കപ്പെടു വാനും അത് പരിശീലിക്കുവാനും ഫലമെന്തായാലും സത്യത്തിൽ ഉറച്ചുനില്പാനും ഉള്ള കടമ എല്ലാവർക്കും ഉള്ളതാണ്. പക്ഷെ പലരും ആ കർത്തവ്യത്തെ ദുർവിനിയോഗം ചെയ്യുന്നു എന്നതു പരിതാപകരമത്രെ.

മനുഷ്യരും മനുഷ്യരും തമ്മിലുള്ള ബന്ധത്തിൽ സാധാരണ ഇടപാടുകളിൽ നാം സത്യത്തെ വിചാരിക്കുകയാണെങ്കിൽ, നമുക്ക് പെട്ടെന്ന് കാണാൻ കഴിയുന്നത് അപ്പൊസ്തലനായ പൗലൊസിന്റെ പ്രബോധനമാണ്. "ആകയാൽ ഭോഷ്ക് ഉപേക്ഷിച്ച് ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനോട് സത്യം സംസാരിപ്പിൻ, നാം തമ്മിൽ അവയവങ്ങളല്ലൊ" (എഫെസ്യർ 4:25). ക്രമമുള്ള ജീവിതം നയി ക്കുന്ന ഒരു സമൂഹത്തിനു കമ്മ്യൂണിസത്തിനു പോലും സത്യത്തി ന്റെ അഭാവത്തിൽ നിലനില്പാൻ സാദ്ധ്യമല്ല. സത്യത്തിന്റെ വില

മനസിലാക്കുന്നതിൽ സംഭവിക്കുന്ന പരാജയമാണ് ക്രമരഹിതമായ ജീവിതത്തിന്റെ മുഖ്യകാരണങ്ങളിൽ ഒന്ന്. നമ്മുടെ സമൂഹത്തിൽ ധാരാളം വ്യാപാരസ്ഥാപനങ്ങൾ ഉണ്ട്. അളവുതൂക്ക ഉപകരണങ്ങൾ കൃത്യമായവ ഉപയോഗിച്ചില്ലെങ്കിൽ അതു വാങ്ങുന്നവർക്കു നഷ്ടമായിരിക്കും ഫലം. സത്യസന്ധമായ കണക്കുകൾ സൂക്ഷിക്കാത്തതു കൊണ്ട് എന്തെല്ലാം പ്രശ്നങ്ങൾ ഉണ്ടാകുന്നു. അപ്പോൾ ചുരുക്കി പറഞ്ഞാൽ, സത്യത്തിന്റെ വില മനസിലാക്കി അതിൽ നില നില്ക്കാഞ്ഞാൽ കുഴപ്പങ്ങൾ ഉണ്ടാകും എന്നതു തീർച്ച. സത്യത്തിന് എന്നും അതിന്റേതായ വിലയുണ്ട്. ആർക്കും നിഷേധിക്കാനാകാത്ത യാഥാർത്ഥ്യമാണ് അത്.

തത്വശാസ്ത്രത്തിലും ശാസ്ത്രീയ തലത്തിലും ഒരേപോലെ നാശം കൊയ്യുന്ന ചില കാര്യങ്ങൾ ഉണ്ട്. ഉദാഹരണമായി പരിണാമ സിദ്ധാന്തം എന്ന തെറ്റായ ആശയഗതി സ്വീകരിക്കുന്നത്. അതുമായി ബന്ധപ്പെട്ടുള്ള വിശ്വാസ സംഹിതകൾ പറഞ്ഞറിയിക്കാൻ പറ്റാത്ത നാശം മനുഷ്യ സമൂഹത്തിൽ വിതറിയിരിക്കുന്നു. ദശലക്ഷക്കണക്കിനു ശിശുക്കളെ ജനിക്കുന്നതിനു മുൻപെ വധിക്കുന്നതു പോലും ഇങ്ങനെയുള്ള അബദ്ധത്താൽ സംഭവിക്കുന്നു. യോജിച്ചതിന്റെ നിലനില്പിനു യോജിപ്പില്ലാത്തതിനെ ഇല്ലാതാക്കുക എന്ന തത്വം മനുഷ്യർക്കു ചേർന്നതല്ല. യോഗ്യതയുള്ളവർക്കു വേണ്ടി യോഗ്യതയില്ലാത്തവർ ബലിയാടാവുക എന്നത് മനുഷ്യരോടു ചെയ്യുന്ന മനുഷ്യരുടെ മനുഷ്യത്വരഹിതമായ പ്രവർത്തി തന്നെയാണ്. ശാസ്ത്രീയമായാലും തത്വചിന്തയിലായാലും ദ്രോഹം ഒരിക്കലും അനുവദിക്കാവുന്നതല്ല.

തെളിയിക്കപ്പെടുന്ന കാര്യങ്ങളെ യാഥാർത്ഥ്യ ബോധത്തോടെ അംഗീകരിക്കുക എന്നതാണല്ലോ ശാസ്ത്രീയ കണ്ടുപിടുത്തങ്ങളുടെ ലക്ഷ്യം. എന്നാൽ സാധാരണക്കാർ ഇവയെ സത്യമെന്നു വിചാരിച്ച് സ്വീകരിക്കുന്നു. എത്ര വലിയ ശാസ്ത്രജ്ഞനു പോലും തന്റെ പരീക്ഷണത്താൽ തെളിഞ്ഞു വരുന്നവയെ ഊഹിക്കയാണ് ചെയ്യുന്നത്. അതായത് അവനു മുൻപ് കിട്ടിയ അറിവിന്റെ പശ്ചാത്തലത്തിൽ വിവേചിച്ച് ഒരു നിഗമനത്തിലെത്തുന്നു. മാനുഷികമായ ഊഹം എന്നു തന്നെ അതിനെ വിളിക്കാം. ഞാൻ പറഞ്ഞതിന്റെ ചുരുക്കം ഇതാണ്: എന്തുകൊണ്ടാണ് ഒരു സംഭവം നടക്കുന്നത് എന്നതിനു പറയുന്ന കാരണം, അതു വിശദമായി ചോദിച്ചാൽ എന്തുകൊണ്ടാണ് വിവരിക്കാൻ അവർക്കു പ്രയാസം

നേരിടുന്നതു? ഇനി മനുഷ്യനെ എടുക്കാം. മനുഷ്യന്റെ ആരംഭം എവിടെ നിന്ന്? അവന്റെ ജീവിതോദ്ദേശം എന്താണ്? ആ ഉദ്ദേശം അവനു എങ്ങനെ നിവർത്തിക്കാൻ കഴിയും എന്നെല്ലാം അറിയണം.

★

## നിസ്തുലമായ ദൈവസ്നേഹം

**ജോണി രാംസെ**

മനോഹരമായ അനേക വേദഭാഗങ്ങളിൽ താരതമ്മ്യം ചെയ്വാൻ അസാദ്ധ്യമായ ദൈവ സ്നേഹത്തെകുറിച്ച് പുകഴ്ത്തി പറയുന്നുണ്ട്. ഹാ ദൈവത്തിന്റെ ധനം, ജ്ഞാനം അറിവ് എന്നിവയുടെ ആഴമേ! അവന്റെ ന്യായ വിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു (റോമർ 11:33). ക്രിസ്തു വിശ്വാസത്തിൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനു വരം നല്കേണമെന്നും നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി വീതിയും നീളവും ഉയരവും ആഴവും എന്തു എന്നു സകല വിശുദ്ധന്മാരോടു കൂടെ ഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിവാനും പ്രാപ്തരാക്കയും ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞു വരികയും വേണം എന്നും പ്രാർത്ഥിക്കുന്നു (എഫെസ്യർ 3:17–19). ദൈവത്തിന്റെ ധനികമായ അവസ്ഥയും അതിനു നമ്മുടെ പ്രതികരണം എന്താണ് എന്നും സൂചിപ്പിച്ചു കൊണ്ട് ധാരാളം ഗാനങ്ങൾ രചിച്ചിട്ടുണ്ട്.

ദൈവ വാഗ്ദാനങ്ങൾ സൗജന്യമായി നല്കുന്നവയാണ്. നമുക്കു നേടിയെടുക്കുവാൻ പറ്റാത്തവയാണ് അവ. നമ്മുടെ രക്ഷകൻ, കാൽവരിയിൽ മരിച്ചതിന്റെ സത്യം എന്തെന്ന് നാം തിരിച്ചറിയണം. ദൈവത്തിന്റെ കൃപ, കരുണ, മനസലിവ്, സ്നേഹം എന്നിവ അറിയിക്കുന്നു. അനുഗ്രഹിക്കപ്പെട്ട പ്രത്യാശ ലഭിക്കുവാൻ തക്ക യാതൊരു യോഗ്യതയും നമ്മിൽ ഇല്ല. നമ്മുടെ സൃഷ്ടികർത്താവിന്റെ ദയവിനാൽ ഒഴുകുന്നതാണ് പാപമോചനം. നമ്മെ വീണ്ടെടുക്കുന്നത്, പാപത്തിൽ നിന്നും, മരണത്തിൽ നിന്നും, നരകത്തിൽ നിന്നുമാണ്., പാപരഹിതനായ നമ്മുടെ രക്ഷകന്റെ ത്യാഗ പൂർണ്ണമായ യാഗത്തെ അനുസ്മരിപ്പിക്കുന്നു. ഒരു ദുഷ്ട ലോകത്തിനു മുഴുവനായി താൻ ഏറ്റെടുത്ത വ്യക്തിപരമായ വേദന, അനുഭൂതി എന്നിവ ഓർമ്മിപ്പിക്കുന്നതാണ് ഗൊല്ഗൊഥാ സംഭവം.

എന്റെ രക്ഷകൻ ഈ ഭൂമിയിലേക്കു വന്നതെന്തിനാണ്? എന്നെ സ്നേഹിച്ചതുകൊണ്ട് രക്ഷിപ്പാൻ വന്നതാണ്.

ആശക്കു വകയില്ലാതിരുന്ന നമ്മുടെ നിസ്സഹായാവസ്ഥയെ വരച്ച് വിശദീകരിച്ചിരിക്കുന്നു. "മുമ്പെ നാമും ബുദ്ധി കെട്ടവരും അനുസരണമില്ലാത്തവരും വഴി തെറ്റി നടക്കുന്നവരും നാനാ മോഹങ്ങൾക്കും ഭോഗങ്ങൾക്കും അധീനരും ഈർഷ്യയിലും അസൂയയിലും കാലം കഴിക്കുന്നവരും ദോഷിക്കുന്നവരും അന്യോന്യം പകെക്കുന്നവരും ആയിരുന്നുവല്ലോ. എന്നാൽ നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ ദയയും മനുഷ്യപ്രീതിയും ഉദിച്ചപ്പോൾ അവൻ നമ്മെ നാം ചെയ്ത നീതിപ്രവർത്തികളാലല്ല, തന്റെ കരുണ പ്രകാരമത്രെ രക്ഷിച്ചതു. നാം അവന്റെ കൃപയാൽ നീതീകരിക്കപ്പെട്ടിട്ടു പ്രത്യാശ പ്രകാരം നിത്യജീവന്റെ അവകാശികളായി തീരേണ്ടതിന് പുനർജ്ജനന സ്നാനം കൊണ്ടും നമ്മുടെ രക്ഷിതാവായ യേശുക്രിസ്തുവും നമ്മുടെ മേൽ ധാരാളമായി പകർന്ന പരിശുദ്ധാത്മാവിന്റെ നവീകരണം കൊണ്ടും തന്നെ (തീത്തൊസ് 3:3-9). സാത്താന്റെ പിടിയിൽ നിന്നും മോചനം പ്രാപിക്കാൻ തക്ക യാതൊന്നും, ദുഷ്ടതയും ലജ്ജയും വക്രതയും ഉള്ള മനുഷ്യരിൽ ഇല്ലായിരുന്നു. പ്രത്യാശയില്ലാതെ, ദൈവമില്ലാത്തവരായി ജീവിച്ചിരുന്നു. പാപത്തിന്റെയും ദുഃഖത്തിന്റെയും മരുഭൂമിയിൽ കിടന്നു മനുഷ്യർ വൃഥാ പോരാടുകയാണ്; രക്ഷപ്പെടുവാൻ അവനു സ്വയമായി കഴിയുകയില്ല.

സ്വർഗ്ഗീയ പദവി മാറ്റി വെച്ച് കഷ്ടത നിറഞ്ഞ ലോകത്തിലേക്കു വന്നതു രക്ഷകന്റെ നിത്യമായ സ്നേഹം നിമിത്തമായിരുന്നു. സങ്കീർത്തനക്കാരൻ പറയുന്നതു: കർത്താവേ, നീ നല്ലവനും ക്ഷമിക്കുന്നവനും അപേക്ഷിക്കുന്നവരോടൊക്കെയും മഹാ ദയാലുവുമാകുന്നു (സങ്കീർത്തനങ്ങൾ 86:5). അപ്രമേയമായ അവന്റെ കൃപ നമുക്കു വെളിപ്പെടുത്തി തന്നിരിക്കുന്നു. നമ്മുടെ വീഴ്ച്ചയുടെ ആഴമോ നിത്യ ശിക്ഷാവിധിയുടെ ഫലമോ മാറ്റുവാൻ നമുക്കു ഒരിക്കലും കഴിയുമായിരുന്നില്ല. പ്രവാചകൻ ചോദിക്കുന്ന ചോദ്യം നോക്കുക "അകൃത്യം ക്ഷമിക്കുകയും തന്റെ അവകാശത്തിൽ ശേഷിപ്പുള്ളവരോടു അതിക്രമം മോചിക്കയും ചെയ്യുന്ന നിന്നോടു സമാനമായ ദൈവം ആരുള്ളു? അവൻ എന്നേക്കും കോപം വെച്ചുകൊള്ളുന്നില്ല; ദയയിലല്ലോ അവനു പ്രസാദമുള്ളത്. അവൻ നമ്മോടു വീണ്ടും കരുണ കാണിക്കും; നമ്മുടെ അകൃത്യങ്ങളെ

ചവിട്ടിക്കളയും, അവരുടെ പാപങ്ങളെ ഒക്കെയും നീ സമുദ്രത്തിന്റെ ആഴത്തിൽ ഇട്ടുകളയും.

എന്നെ സ്നേഹിച്ചതിന്റെ കാരണം അന്വേഷിച്ചു കൊണ്ട് ഞാൻ യേശുക്രിസ്തുവിന്റെ ഹൃദയത്തിലേക്കു ഇറങ്ങിചെന്നു, ദൈവം തന്റെ പുത്രനെ ഈ ലോകത്തിലേക്കു അയച്ചതു ലോകത്തെ വിധിപ്പാനല്ല; ലോകം അവനാൽ രക്ഷ പ്രാപിപ്പാനത്രേ (യോഹന്നാൻ 3:17). ആരെങ്കിലും നഷ്ടപ്പെടുന്നുവെങ്കിൽ അതു യേശുവിന്റെ രക്ഷാ വഴിയെ മനഃപൂർവ്വം തള്ളികളയുന്നതു കൊണ്ടാണ്. യേശു ക്രിസ്തുവിന്റെ പ്രസ്താവന അതിനു തെളിവാണ്. എങ്കിലും ജീവൻ പ്രാപിക്കേണ്ടതിനു എന്റെ അടുക്കൽ വരുവാൻ നിങ്ങൾക്കു മനസില്ല (യോഹന്നാൻ 5:40). പാപികളായിരുന്ന ഇസ്രായേൽ മക്കളോട് പ്രവാചകൻ മൂലം അരുളിച്ചെയ്യുന്നതു മനുഷ്യ പാശങ്ങൾ കൊണ്ടു, സ്നേഹ ബന്ധങ്ങൾ കൊണ്ടു തന്നേ, ഞാൻ അവരെ വലിച്ചു. എന്നാൽ ജനങ്ങൾ അവരുടെ മത്സരവും ശാഠ്യവും നിമിത്തം വിട്ടകന്നു പോയി (ഹോശേയ 11:4). അവരെ കുറിച്ചു പുതിയനിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്: "അനുസരിക്കാത്തതും മറുത്തു പറയുന്നതുമായ ജനത്തിങ്കലേക്കു ഞാൻ ഇടവിടാതെ കൈനീട്ടി" (റോമർ 10:21)

പത്രോസ് യേശുവിനെ മൂന്നു പ്രാവശ്യം തള്ളി പറഞ്ഞ ശേഷം വീണ്ടെടുപ്പുകാരനായ കർത്താവ് അവനു മൂന്നു അവസരം തന്റെ സ്നേഹത്തെ ഉറപ്പിക്കുന്നതിനു നല്കുന്നുണ്ട്. ഒരിക്കൽ തള്ളിക്കളഞ്ഞതായ സ്നേഹത്തെ പുനഃസ്ഥാപിക്കാനായിരുന്നു അത് (യോഹന്നാൻ 21:15). കണക്കു ബോധിപ്പിക്കുന്ന അവസാന നാളിൽ നാം എന്നേക്കുമായി നഷ്ടപ്പെടുകയാണെങ്കിൽ അതു നമ്മുടെ മാത്രം കാരണങ്ങൾ കൊണ്ടായിരിക്കും. വീണ്ടും വീണ്ടെടുപ്പിൻ സന്ദേശം ലോകത്തിൽ എല്ലായിടത്തും പ്രത്യേകിച്ച് നമ്മുടെ ഇടയിലും കേൾപ്പിക്കുന്നില്ലേ? ക്രൂശിൽ നമുക്കായി മരണം ഏറ്റെടുത്ത ദൈവപുത്രന്റെ നീതിയുടെ വഴി കാണിച്ചു തന്നിട്ടും സ്വന്ത വഴിയിൽ പ്രത്യാശവെക്കുന്നവർക്കു അവസാനം ലജ്ജയായിരിക്കും അനുഭവം. ആ ദൈവത്തിന്റെ സ്നേഹത്തെ മാനിക്കാതെ നന്ദിയില്ലാത്തവരായി തീർന്നു.

വാട്ടമില്ലാത്ത ദേശത്തിലേക്കു നയിക്കുന്ന ദിവസം എത്ര ആനന്ദമായിരിക്കും എന്നോർക്കുക. ശക്തമായ കാന്തത്തെ പോലെ ആകർഷിക്കുകയാണ് നമ്മുടെ മഹത്വമുള്ള ദൈവം. അപ്പൊസ്തല

ന്മാർ കണ്ടു സാക്ഷീകരിച്ച വസ്തുതയാണ്. പിതാവ് പുത്രനെ ഈ ലോകത്തിലേക്കു അയച്ചു എന്നതു, ലോകത്തെ രക്ഷിക്കുവാൻ അവൻ സഹിച്ച വേദനയും ദുരിതവും ഭയങ്കരമായിരുന്നു. കാരണം നമ്മിലുള്ള ആത്മാക്കളോടുള്ള അതീവ സ്നേഹം. ഇന്നും ആ സ്നേഹം കൈനീട്ടുന്നു നമ്മെ ചേർക്കുവാനായി. പക്ഷെ നിങ്ങൾ അതു കാണുന്നുവോ?

★

## നരകം

### വെയിഡ് എൽ. വെബ്സ്റ്റർ

നരകം എന്ന പദം എല്ലാവരേയും ഭയപ്പെടുത്തുന്ന ഒന്നാണ്. "ഈ നരകത്തിൽ നിന്നു ഒന്നു രക്ഷപ്പെട്ടാൽ മതി" എന്ന പല്ലവി പലരിൽ നിന്നും പറഞ്ഞു നിങ്ങൾ കേട്ടിരിക്കുമല്ലൊ. നരകം എന്നാൽ എന്താണ്? എന്തിനു വേണ്ടി ഉണ്ടാക്കപ്പെട്ടതാണ്? അതെവിടെയാണ്? ആരാണ് അതിലെ സ്ഥിരവാസികൾ എന്നീ കാര്യങ്ങളെ ഇപ്പോൾ തന്നെ നാം അറിഞ്ഞിരിക്കണം. കാരണം അതൊരു മിഥ്യയല്ല, മറിച്ച് യാഥാർത്ഥ്യമാണ്. സങ്കല്പമല്ല, സത്യമാണ്. ഇതിനെ സംബന്ധിച്ച തെറ്റായ വിശ്വാസങ്ങളോ ധാരണകളോ ഉണ്ടെങ്കിൽ തിരുത്തുവാനുള്ള അവസരമാണിപ്പോൾ. അതിനായി ഈ ലേഖനം ഉപകരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

"ഇവർ നിത്യ ദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യ ജീവങ്കലേക്കും പോകും " (മത്തായി 25:46). ഒന്നുകിൽ നിത്യജീവൻ അല്ലെങ്കിൽ നിത്യശിക്ഷാവിധി നമ്മെ കാത്തിരിക്കുന്നു എന്ന സത്യ വസ്തുതയാണ് ക്രിസ്തു നമ്മെ പഠിപ്പിക്കുന്നത്. ധാരാളം പേർ അവരുടെ മനസിൽ താലോലിക്കുന്നത് സ്വർഗ്ഗീയ സന്തോഷത്തെ കുറിച്ചുള്ള ചിന്തകളാണ്. വേറെ ചിലർ നിത്യ ശിക്ഷാവിധിയെ കുറിച്ചുള്ള ചിന്തകൾ അവരുടെ മനസിൽ നിന്നും എടുത്തു കളഞ്ഞിരിക്കയാണ്. അവരുടെ ദൃഷ്ടിയിൽ ദൈവഭയമില്ല എന്നു അപ്പൊസ്തലനായ പൗലൊസ് പറഞ്ഞിരിക്കുന്നു (റോമർ 3:18). ഇന്നു ലോകവും ലോകത്തുള്ള ബലഹീന ഉപദേഷ്ടാക്കളും ഈ വിഷയത്തെ കുറിച്ച് നിശ്ശബ്ദത പാലിക്കുന്നുവെങ്കിലും ബൈബിൾ ശബ്ദിക്ക തന്നെ ചെയ്യുന്നു. ദൈവശ്വാസീയരായ എഴുത്തുകാർ നരകത്തെ എടുത്തു ചിത്രീകരിച്ചിട്ടുണ്ട്. പൊതുവായ മൂന്നു ചോദ്യ ങ്ങൾക്കു ഉത്തരം കണ്ടെത്തുന്നതിലൂടെ നരകം എന്ന വിഷയത്തെ

സംബന്ധിച്ച ഉപദേശം നമുക്കു പഠിക്കാം.

ആദ്യമായി, നർകം ഒരു യാഥാർത്ഥ്യമോ? ആധുനിക ലോകത്തിൽ അനവധി പേർ നരകം എന്ന യാഥാർത്ഥ്യത്തെ നിഷേധിക്കുന്നവരാണ്. മതപരമെന്ന് അവകാശപ്പെടുന്നവർക്കിടയിൽ പോലും നരകത്തെ നിഷേധിക്കുന്നവർ ഇല്ലാതില്ല. നീതിമാന്മാരെ മരണശേഷം സ്വർഗ്ഗത്തിലേക്കു നയിക്കുകയും ദുഷ്ടന്മാരെ ഉന്മൂലനാശം ചെയ്യുകയുമായിരിക്കും എന്നു ഊഹിക്കുന്നവർ ഉണ്ട്. വേറെ ചിലർ സമാധാനിക്കുന്നത്, സ്നേഹവാനായ ദൈവം ആരെയും നരകത്തിൽ തള്ളികളയുകയില്ല എന്നാണ്. ഈ തെറ്റായ ഊഹാപോഹങ്ങളെ ബൈബിൾ പ്രോൽസാഹിപ്പിക്കുന്നില്ല. ബൈബിൾ ലേഖകർ എഴുതിയിരിക്കുന്നത് നരകം ഒരു യഥാർത്ഥ സ്ഥലമായിട്ടു തന്നെയാണ്. "മോഷ്ടിച്ച വെള്ളം മധുരവും ഒളിച്ചു തിന്നുന്ന അപ്പം രുചികരവും ആകുന്നു. എങ്കിലും മൃതന്മാർ അവിടെ ഉണ്ടെന്നും അവരുടെ വിരുന്നുകാർ പാതാളത്തിന്റെ ആഴത്തിൽ ഇരിക്കുന്നു എന്നും അവൻ അറിയുന്നില്ല (സങ്കീർത്തനങ്ങൾ 9:17-18). ദാനിയേൽ എഴുതിയത്: നിലത്തിലെ പൊടിയിൽ നിദ്ര കൊള്ളുന്നവരിൽ പലരും ചിലർ നിത്യ ജീവനായും ചിലർ ലജ്ജെക്കും നിത്യ നിന്ദെക്കുമായി ഉണരും (ദാനിയേൽ 12:2). നിത്യമായ ശിക്ഷക്കുള്ള സ്ഥാനമാണ് അതെന്നു ദാനിയേൽ മനസിലാക്കി. കർത്താവ്, നരകത്തെ ഓർമ്മിപ്പിക്കുന്നുണ്ട്. "ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ട; ദേഹിയെയും ദേഹത്തെയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നേ ഭയപ്പെടുവിൻ" (മത്തായി 10:28). നരകമുണ്ട് എന്ന വസ്തുതയെ തള്ളികളയുന്നവർ യേശുവിന്റെ ഉപദേശത്തെയാണ് തള്ളിക്കളെയുന്നത്. അവർ തള്ളികളഞ്ഞാലും സത്യം സത്യമല്ലാതാകുന്നില്ല.

രണ്ടാമതായി നരകം എന്തുപോലെ ഇരിക്കും? ബൈബിൾ എഴുത്തുകാർ സ്വർഗ്ഗത്തിന്റെ മനോഹാരിത മാത്രമല്ല വർണ്ണിച്ചിരിക്കുന്നത്; പിന്നെയോ നരകത്തിന്റെ ശോചനീയമായ അവസ്ഥയെയും ചിത്രീകരിച്ചിട്ടുണ്ട്. നരകത്തെ തീപൊയ്ക എന്നു പ്രതിപാദിച്ചിട്ടുണ്ട് (വെളിപ്പാട് 20:15). തീച്ചൂള എന്നാണ് അതിനെ വിശേഷിപ്പിച്ചിരിക്കുന്നത് (മത്തായി 13:42). നിത്യാഗ്നി എന്നും പറഞ്ഞിട്ടുണ്ട് (മത്തായി 25:41). തീജ്വാല എന്നു പൗലൊസ് രേഖപ്പെടുത്തിയിട്ടുണ്ട് (2 തെസലൊനിക്യർ 1:8). കെടാത്ത തീയായി

രിക്കും അത് (മത്തായി 3:12). യാതനാ സ്ഥലമായിരിക്കും നരക
പാതാളത്തിൽ യാതന അനുഭവിക്കേണ്ടി വരും. അതിനു ശേഷ
നിത്യമായ യാതന നരകത്തിലും. നരകത്തിൽ ഉള്ളവരുടെ വിഷമ സ്ഥി
യോഹന്നാനെ കാണിച്ചു കൊടുക്കുന്നത് യോഹന്നാൻ എഴുതിയിട്ടുള്ള
അവരുടെ ദണ്ഡനത്തിന്റെ പുക എന്നെന്നേക്കും പൊങ്ങും മൃഗത്തെയ
അതിന്റെ പ്രതിമയെയും നമസ്ക്കരിക്കുന്നവർക്കും അതിന്റെ പേരിൽ മു
ഏല്ക്കുന്ന ഏവനും രാവും പകലും ഒരു സ്വസ്ഥതയും ഉണ്ടാകയി
(വെളിപ്പാട് 14:11). അത് ഇരുണ്ട സ്ഥലമായിരിക്കും എന്നു വിവരിച്ചിട്ടുണ
"എന്നാൽ കൊള്ളരുതാത്ത ദാസനെ ഏറ്റവും പുറത്തുള്ള ഇരുട്ടിലേക
തള്ളികളവിൻ; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും" (മത്താ
25:30). പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ അന്ധ തമസി
ചങ്ങലയിട്ട് നരകത്തിലാക്കി ന്യായവിധിക്കായി കാപ്പാൻ കല്പിച്ചിരിക്കുന
(2 പത്രൊസ് 2:4). അപ്പോൾ നരകം പിശാചിന്നായി രൂപപ്പെടുത്തിയതാ

★

## മാവു കൊണ്ടു മാത്രമുള്ള ഒരു കേക്ക്

### എഡ്ഡി ജിൽപിൻ

കഴിഞ്ഞ കാലഘട്ടങ്ങളിലെ അന്ധവിശ്വാസങ്ങളുടെ സമ്മി
സ്മാരകാവശിഷ്ടങ്ങളാണ് ബൈബിൾ എന്ന ചിന്താഗതി ചിലരിൽ ഉണ
തിരുവെഴുത്തിലെ ഏതാനും ഭാഗങ്ങൾ അവർക്കു മനസിലാക്കാ
പറ്റാത്തതുകൊണ്ടോ, മനസിലാക്കാൻ ശ്രമിക്കാത്തതുകൊണ്ടോ കണ്ടെ
ഒരു തീർപ്പു കല്പിക്കുകയാണ് ഇങ്ങനെ. ഗ്രഹിക്കണമെന്ന ആഗ്ര
ത്തോടെ വായിച്ച് മനസിലാക്കാതെ അഭിപ്രായം പറയുന്നവരെകുറി
എന്തു പറയാനാണ്? മനുഷ്യനു വേണ്ടി വെളിപ്പെടുത്തിയിട്ടുള
ദൈവേഷ്ടമാണ് ബൈബിൾ. അതിനെ മനുഷ്യർ ബഹുമാനിക്ക
മെങ്കിലും അതു ഒരു ആരാധ്യ വസ്തുവായി കണക്കാക്കരുത്. മനുഷ്യ
വിചാരിക്കുന്നതു പോലെ നിഗൂഢമായ ഒന്നുമില്ല അതിൽ. ദൈവത്തിന
തന്റെ മക്കളോടുള്ള കരുണാധിക്യത്താൽ നല്കിയിട്ടുള്ളതാണി
അക്കാരണത്താൽ മനുഷ്യർ ഇതു മനസിലാക്കത്തക്ക രീതിയിലാ
തന്നിരിക്കുന്നതു; മനസിലാക്കാൻ കഴിയുന്നതുമാണ്. എല്ലാവര
ഒന്നുപോലെ മനസിലാക്കണമെന്നാണ് ദൈവത്തിന്റെ ഇച്ഛ. അല്ലെങ്കി
തെറ്റിദ്ധരിക്കപ്പെടും.

മറ്റു സാഹിത്യ കൃതികളെ പോലെ ബൈബിളിനെ കൈകാര

ചെയ്യുന്നവരുണ്ട്. ചരിത്രപരമായ സംഭവങ്ങളുടെ വിശദീകരണം വായിക്കുമ്പോൾ നാം ആ പശ്ചാത്തലം കൂടെ അറിഞ്ഞിരിക്കണം. മനുഷ്യരുടെ ശ്രദ്ധ പിടിച്ചു പറ്റുന്ന വാർത്തകൾ പോലെ പ്രാധാന്യമുള്ള സംഭവങ്ങളും അതിന്റെ അനന്തര ഫലങ്ങളും വ്യക്തമാക്കുന്നുണ്ട് വേദപുസ്തകത്തിൽ. ഒരു സാങ്കേതിക സിദ്ധാന്തം വിശദമാക്കുന്ന പടം പോലെ ഓരോ വ്യക്തിയുടെയും പ്രവർത്തനത്തെ പരിശോധിച്ച് കുറവുകൾ കണ്ടെത്താൻ സഹായിക്കുന്ന ഒന്നാണ് തിരുവചനം. ജീവിതത്തെ ആസ്വാദ്യമാക്കുന്നതെന്ത്? കൈപ്പേറിയതാക്കി മാറ്റുന്നതെന്ത്? ഇവയെല്ലാം തരം തിരിച്ച് മനസിലാക്കണമെങ്കിൽ ഈ ഏക പുസ്തകമേ ഉപകരിക്കയുള്ളു. വാഹനം ഓടിക്കുന്നവർ സൈഡിൽ കാണിച്ചിരിക്കുന്ന മുന്നറിയിപ്പുകൾ ശ്രദ്ധിച്ചില്ലെങ്കിൽ അപകടം തീർച്ചയാണല്ലോ. അതുപോലെയാണ് ബൈബിളിലെ മുന്നറിയിപ്പുകൾ ശ്രദ്ധിക്കാതെ ജീവിച്ചാൽ. എന്തടിസ്ഥാനത്തിന്മേലാണ് പ്രതിപാദിക്കുന്ന സന്ദർഭം എന്നു തിരിച്ചറിയണം. "നിന്റെ വചനത്തിന്റെ സാരം സത്യം ആകുന്നു" (സങ്കീർത്തനങ്ങൾ 119:160). ദൈവം പഠിപ്പിക്കുന്ന എല്ലാ വിഷയങ്ങളുടെയും പൂർണ്ണ രൂപം അഥവാ സകലത്തിന്റെയും സാരം സത്യമാണ്. വിശ്വസിക്കാവുന്ന വസ്തുതകളാണ് ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നതത്രയും.

ദൈവവചനത്തിൽ ഒരിടത്തും പരസ്പര വിരുദ്ധമായ പ്രസ്താവനകളില്ല. ദൈവത്തിന്റെ അരുളപ്പാടുകളെല്ലാം പരിശോധിക്കുമ്പോൾ അനുസരിക്കുവാൻ കല്പിച്ചിരിക്കുന്ന കല്പനകൾ രണ്ടോ മൂന്നോ ഭാഗങ്ങളിൽ പറഞ്ഞിരിക്കുന്നതു പരിഗണിക്കാവുന്നതാണ്. സന്ദർഭമേതായാലും ശരി ഓരോന്നും അനുസരിച്ചാൽ അതിൽ സൂചിപ്പിച്ചതായ വാഗ്ദാനമോ വാഗ്ദാനങ്ങളോ സ്വായത്തമാക്കാൻ നമുക്കു കഴിയും. ഒരു ഭക്ഷണ പദാർത്ഥത്തിലെ പോഷകാംശങ്ങൾ മുഴുവൻ കിട്ടണമെങ്കിൽ അതിൽ മായം കലരാതെ പൂർണ്ണമായും ഭക്ഷിക്കേണ്ടിയിരിക്കുന്നു. അതു പോലെയാണ് തിരുവചനവും. ഒരു വാഗ്ദാനം ലഭിക്കുവാനായി ദൈവം പറഞ്ഞിട്ടുള്ള കല്പനകൾ എന്തെല്ലാമുണ്ടോ അതെല്ലാം കണ്ടെത്തി അനുസരിച്ചാൽ ഉറപ്പായും ആ വാഗ്ദാനം കിട്ടി എന്നു പറയാം. അതല്ലാതെ ഒന്നു മാത്രം ചെയ്തു കഴിഞ്ഞാൽ എല്ലാ അനുഗ്രഹങ്ങളു കിട്ടും എന്നു വിചാരിക്കരുത്. ദൈവം അതിനായി ആവശ്യപ്പെടുന്നതെല്ലാം അനുഷ്ഠിക്കുവാൻ നാം തയ്യാറാകണം. കാരണം വാഗ്ദത്തം ചെയ്തതു ദൈവമാണ്. ആ ദൈവത്തെ പ്രസാദിപ്പിക്കുക

എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം.

ഞാൻ മുൻപ് സൂചിപ്പിച്ച ഉദാഹരണം ശ്രദ്ധിച്ചാൽ അതിലെ തത്വം ആത്മീയ കാര്യത്തിലും വാസ്തവമാണെന്നു കാണാം. ഒരു കേക്ക് ഉണ്ടാക്കുന്നതിനു പല വസ്തുക്കൾ ആവശ്യമാണ്. അതുപോലെ രക്ഷക്കും പല കാര്യങ്ങൾ നമ്മുടെ ഭാഗത്തു നിന്നും ഉണ്ടാകണം എന്നു ദൈവം ഇച്ഛിക്കുന്നു. കേക്കുണ്ടാക്കുവാൻ, പാൽ, മുട്ട, മാവ്, വെണ്ണ, പഞ്ചസാര തുടങ്ങി രുചിയും മണവും വരുത്തുന്ന പലതും ശരിയായ അളവിൽ ചേർത്താണ് പാകം ചെയ്യുന്നതു, ചേരേണ്ട ചേരുവകളുടെ ഒരു മിശ്രിതമാണ് പാചകം ചെയ്ത ശേഷം നാം കഴിക്കുന്ന കേക്ക്. അതുപോലെ രക്ഷാ വിഷയത്തിലും ധാരാളം ചേരുവകൾ ഉണ്ട്. വേദപുസ്തകത്തിൽ അവയെല്ലാം വ്യക്തമാക്കിയിരിക്കുന്നു. വിശ്വാസം മൂലം കൃപയാൽ രക്ഷ പ്രാപിക്കുന്നു (എഫെസ്യർ 2:8). പ്രവൃത്തികളാലും (യാക്കോബ് 2:24). കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും (റോമർ 10:13). വിശ്വാസത്താൽ (പ്രവൃത്തി 16:31). അനുസരണത്താൽ (എബ്രായർ 5:8-9). മാനസാന്തരത്താൽ (ലൂക്കൊസ് 13:3; പ്രവൃത്തി 2:38). സ്നാനത്താൽ (മർക്കൊസ് 16:16; 1 പത്രൊസ് 3:21). വിശ്വസ്തതയാൽ (മത്തായി 24:13; വെളിപ്പാട് 2:10). ഇവയിൽ ഉൾപ്പെട്ടിട്ടുള്ള ഒന്നും വേർതിരിക്കാവുന്നതല്ല. ആധുനിക ചിന്തയിൽ പോലും കർത്താവിന്റെ രക്ഷാപദ്ധതിയിലെ ചെയ്യേണ്ടതായ കാര്യങ്ങൾക്കു മാറ്റം വരുത്താവുന്നതല്ല.

വിശ്വാസം മാത്രം മതി എന്ന ഉപദേശത്തിൽ സംതൃപ്തരാകുന്ന ധാരാളം ആളുകൾ മത വിഭാഗങ്ങളിൽ കാണാം. പക്ഷെ ശരിയായ ഫലം കിട്ടണമെങ്കിൽ ഒരു പ്രവൃത്തി പൂർത്തിയാക്കുക തന്നെ വേണം. രക്ഷയുടെ ഫലം അന്തിമമായി അനുഭവിക്കാൻ കഴിയണമെങ്കിൽ രക്ഷക്കുള്ള പടികൾ എല്ലാം നാം കയറണം. ഇന്നു നാമധേയ വിഭാഗങ്ങളിൽ ഉള്ളവർ രക്ഷക്കായി വേണ്ട പല കാര്യങ്ങളിൽ ഏതെങ്കിലും ഒന്നോ രണ്ടോ തിരഞ്ഞെടുക്കും അവർക്കു തോന്നുന്നവ മാത്രം. ചേരുവകളിൽ ഏതെങ്കിലും ഒന്നു കുറഞ്ഞാൽ ഒരു പദാർത്ഥത്തിന്റെ രുചി പൂർണ്ണമാകയില്ല. അതു കഴിക്കുമ്പോൾ ആ വ്യത്യാസം കാണാൻ കഴിയും. അതുപോലെ രക്ഷയുടെ കാര്യത്തിൽ ഏതെങ്കിലും ഒന്നു കുറഞ്ഞാൽ രക്ഷയുടെ ഫലം പൂർണ്ണമായി അനുഭവിക്കാൻ കഴിയുകയില്ല.

✶

## ലങ്കൻ സമയം ഇനി അര മണിക്കൂർ പിന്നോട്ട്

ഈ ഏപ്രിൽ 14 മുതൽ ലങ്കയിലെ ക്ലോക്കുകളിലും വാച്ചുകളിലും സമയം അര മണിക്കൂർ പിന്നോട്ടാക്കും. ഗ്രീൻവിച്ച് മീൻ ടൈമി (ജി.എം.ടി)നെക്കാൾ ആറു മണിക്കൂർ മുന്നിലായിരുന്നു ലങ്കൻ സമയം. അതിനി ഇന്ത്യയിലേതു പോലെ അഞ്ചര മണിക്കൂറാകും. പകൽവെളിച്ചം പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യവുമായി 10 വർഷം മുൻപാണു ലങ്കൻ സ്റ്റാൻഡേഡ് സമയം അര മണിക്കൂർ കൂട്ടാൻ സർക്കാർ തീരുമാനിച്ചത്. ലങ്കൻ പുതുവർഷദിനമായ ഏപ്രിൽ 14ന് അതു പിൻവലിക്കും. പത്തു വർഷം മുൻപു സമയമാറ്റം എൽ.ടി.ടി.ഇ അംഗീകരിച്ചിരുന്നില്ല.

★

## കോട്ടമതിൽ ഉയരുംമുൻപേ എസ്.എ.ടിയിൽ വീണ്ടും മൂർഖൻ

പാമ്പുശല്യം തടയാൻ കോട്ടമതിൽ ഉയരുംമുൻപ് എസ്.എ.ടി ആശുപത്രിയിൽ വീണ്ടും വിഷപ്പാമ്പെത്തി.

ആശുപത്രി വാർഡുകൾക്കു സമീപം നിർമാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലത്താണ് ഇന്നലെ രാവിലെ മൂർഖനെ കണ്ടെത്തിയത്. നിർമാണ പ്രവർത്തനങ്ങൾക്കു വാതിലും ജനാലകളും അടുക്കിവച്ചിരുന്ന ഭാഗത്താണ് മൂർഖൻ പ്രത്യക്ഷപ്പെട്ടത്.

★

## പൗരസ്വാതന്ത്ര്യ സംരക്ഷണ സമിതി

ഗാന്ധിജിയുടെ മൂല്യങ്ങൾ അംഗീകരിക്കുക, അവ സംരക്ഷിച്ചു വളർത്തുക എന്നതാണ് ഈ നൂറ്റാണ്ടിന്റെ ആവശ്യമെന്ന് ഗാന്ധി സ്മാരകനിധി ചെയർമാൻ പി.ഗോപിനാഥൻനായർ. പൗരസ്വാതന്ത്ര്യ സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ

വൈ.എം.സി.എ ഹാളിൽ നടന്ന 'പൗരസ്വാതന്ത്ര്യം 21-ാം നൂറ്റാണ്ടിൽ' എന്ന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

★

## ലിംഗനിർണയം തടയാൻ ആശുപത്രികളിൽ രഹസ്യ പരിശോധന: രേണുക

ഭ്രൂണ ലിംഗനിർണയം കർശനമായി തടയാൻ രാജ്യ വ്യാപകമായി ആശുപത്രികളിലും നഴ്സിങ് ഹോമുകളിലും രഹസ്യ പരിശോധന നടത്താൻ കേന്ദ്ര സർക്കാർ ആലോചിക്കുന്നു. ഇതിനായി ഉടൻ നയം രൂപികരിക്കുമെന്ന് കേന്ദ്ര വനിതാ-ശിശുക്ഷേമ മന്ത്രി രേണുക ചൗധരി അറിയിച്ചു.

★

## കംപ്യൂട്ടർ കൂലികളെ സൃഷ്ടിക്കുന്നതല്ല സാങ്കേതിക വികസനം: ജവാദ് ഹസൻ

വിദേശ കമ്പനികൾക്കുവേണ്ടി കംപ്യൂട്ടർ കൂലികളെ നൽകുന്നതിലല്ല കേരളത്തിന്റെ വിവര സാങ്കേതിക വികസനം നിലകൊള്ളുന്നതെന്ന് നെസ്റ്റ് ഗ്രൂപ്പ് ചെയർമാൻ ഡോ.ജവാദ് കെ.ഹസൻ അഭിപ്രായപ്പെട്ടു.

ഒരു രാജ്യത്തിന്റെ ഐടി വികസനം ആ രാജ്യത്തെ ഗ്രാമങ്ങളിലെ സാധാരണക്കാരന്റെ ജീവിതത്തെ സ്വാധീനിക്കാൻ കഴിയുന്നതാവണം. കംപ്യൂട്ടറിൽ കൂലിപ്പണി ചെയ്യാൻ നമ്മുടെ ചെറുപ്പക്കാർ നാടുവിട്ടു പോവുന്നത് പണ്ടത്തെ അടിമ വേലയിൽ നിന്ന് വ്യത്യസ്തമല്ലെന്നും ജവാദ് ഹസൻ അഭിപ്രായപ്പെട്ടു.

★

## ശാസ്ത്ര നേട്ടങ്ങൾ ദൈവത്തിനു മുന്നിൽ നിസാരം: മന്ത്രി ബഷീർ

ശാസ്ത്ര സാങ്കേതിക രംഗത്തു മനുഷ്യൻ നേടിയ മുന്നേറ്റവും അതിലൂടെയുള്ള അഹങ്കാരവും ദൈവ നിശ്ചയത്തിനു മുന്നിൽ

നിസ്സാരവും വട്ടപൂജ്യവുമാണെന്ന് അടുത്ത കാലത്തായി നടന്ന പ്രതിഭാസങ്ങൾ ബോധ്യപ്പെടുത്തുന്നതിനായി മന്ത്രി ഇ.ടി. മുഹമ്മദ് ബഷീർ പ്രസ്താവിച്ചു.

പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളുടെ അധ്യക്ഷതയിൽ ഖുർആൻ സ്റ്റഡി സെന്റർ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✱

## കോഴിക്കോട് സ്ഫോടനം: 3 പേർ പിടിയിലെന്നു സൂചന

കഴിഞ്ഞ ദിവസത്തെ ബോംബ് സ്ഫോടനവുമായി അടുത്ത ബന്ധമുണ്ടെന്നു സംശയിക്കുന്ന മൂന്നു പേർ പൊലീസ് പിടിയിലായതായി സൂചന. എന്നാൽ വിവരങ്ങൾ പൊലീസ് പുറത്തുവിട്ടിട്ടില്ല. ചോദ്യം ചെയ്യാനായി മുപ്പതിലേറെ പേരെ കസ്റ്റഡിയിലെടുത്തിട്ടുണ്ട്. കേരളത്തിൽ ആദ്യമായി ടൈംബോംബ് സാങ്കേതിക ഉപയോഗിച്ചതിനെ തുടർന്ന് സംസ്ഥാനമൊട്ടാകെ ജാഗ്രത പുലർത്താനും തീരുമാനമായി. അന്വേഷണങ്ങളുടെ ഭാഗമായി എൻ.ഡി.എഫിന്റെ കേന്ദ്ര കമ്മിറ്റി ഓഫീസായ യൂനിറ്റി ഹൗസിൽ പുലർച്ചെ പൊലീസ് റെയ്ഡ് നടത്തി. മലപ്പുറം, വയനാട്, കണ്ണൂർ, കാസർകോട്, പാലക്കാട് ജില്ലകളിലെ വിവിധ കേന്ദ്രങ്ങളിലും റെയ്ഡ് നടന്നു. എന്നാൽ കസ്റ്റഡിയിൽ എടുത്തവരിൽ ഭൂരിപക്ഷംപേരും ഒരു പ്രത്യേകസംഘടനയുമായി ബന്ധമുള്ളവരാണെന്ന റിപ്പോർട്ടുകൾ ശരിയല്ലെന്ന് അന്വേഷണ ചുമതല വഹിക്കുന്ന അസിസ്റ്റന്റ് കമ്മീഷണർ ടി.എഫ്.സേവ്യർ പറഞ്ഞു.

✱

## മദ്യം കഴിച്ചയാൾ മരിച്ചു: നാട്ടുകാർ ഷാപ്പ് കത്തിച്ചു

മദ്യം കഴിച്ചയാളെ മരിച്ചനിലയിൽ കണ്ടെത്തിയതിനെത്തുടർന്നു നാട്ടുകാർ ഷാപ്പ് കത്തിച്ചു. വെളിയം തച്ചംകോടു തെക്കേ

അറ്റത്തു സദാശിവനാണു(32) മരിച്ചത്. ഇന്നലെ വൈകിട്ട് ആറുമണിയോടെ സദാശിവനെ ഷാപ്പിനു മുന്നിലുള്ള തോട്ടിൽ മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. വിഷമദ്യമാണു മരണകാരണമെന്നാരോപിച്ചാണു നാട്ടുകാർ ഷാപ്പ് ആക്രമിച്ചത്.

പൊലീസെത്തിയാണു ഷാപ്പിലെ തീയണച്ചത്. പൂയപ്പള്ളി പൊലീസ് സ്ഥലത്ത് ക്യാംപ് ചെയ്യുന്നു. മദ്യം കഴിച്ച മറ്റാർക്കും അസ്വസ്ഥതകളില്ലെന്നും വിഷമദ്യമല്ല മരണകാരണമെന്നും പൊലിസ് പറഞ്ഞു.

★

## കാലം മാറി; കുട്ടനാട്ടിൽ കൊയ്ത്തു യന്ത്രത്തിനായി കർഷകരുടെ ജാഥ

നെൽവയലുകളിൽ കൊയ്ത്തു യന്ത്രമനുവദിക്കണമെന്നാവശ്യപ്പെട്ടു കൃഷിക്കാർ എഴുതി തയാറാക്കിയ അപേക്ഷകളുമായി ജാഥയായി എട്ടിന് 9.30നു മങ്കൊമ്പിൽ തിരുവിതാംകൂർ കർഷക തൊഴിലാളി യൂണിയൻ ഓഫീസിലെത്തി നിവേദനം നല്കും.

★

## ഡോക്ടർമാർ ഗ്രാമീണമേഖലയിൽ ശ്രദ്ധിക്കണം

ഗ്രാമീണ മേഖലയിൽ ഡോക്ടർമാർ കൂടുതൽ ശ്രദ്ധിക്കണമെന്ന് റോയൽ കോളജ് ഓഫ് ഫിസിഷൻസ് (ആർ.സി.പി.) പ്രസിഡന്റ് ഡോ.കരോൾ ബ്ലാക്ക് ആഹ്വാനം ചെയ്തു. ആർ.സി.പി.ദക്ഷിണേഷ്യാ സമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അവർ. കേരളത്തിലെപ്പോലെതന്നെ ഇംഗ്ലണ്ടിലും ഗ്രാമീണമേഖലയിൽ ഡോക്ടർമാരുടെ കുറവ് അനുഭവപ്പെടുന്നതായി അവർ ചൂണ്ടിക്കാട്ടി. പൊതുജനാരോഗ്യം സംരക്ഷിക്കുക എന്നത് പുതിയ കാലഘട്ടത്തിലെ പ്രധാന വെല്ലുവിളിയാണ്. മദ്യപാനം യുവാക്കളിൽ വർധിച്ചു വരുന്നു. മെച്ചമായ ആരോഗ്യത്തിന് പൊതുജനങ്ങൾക്ക് ലൈംഗിക വിദ്യാഭ്യാസവും നൽകേണ്ടതുണ്ടെന്ന് അവർ പറഞ്ഞു.

★

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M. Speaker: P.K. Varghese, **Church of christ** Thmpuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Price of single copy: Rs.4/-**
Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/06-08
Licensed to post without prepayment No. Tech/62-2 TV(N) 40/2006

*Join us to worship God in Spirit and Truth*
*The*

**CHURCH OF CHRIST**

Meets at T.C. 27/225
Thampuranmukku, Trivandrum-35
**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth
Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378